പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :6012 19.11.2019-ൽ മറുപടിക്ക്

ഗസറ്റഡ് ഓഫീസേഴ്സ് സഹകരണ സംഘങ്ങൾ

ചോദ്യം | മറുപടി

ശ്രീ.ടി.എ.അഹമ്മദ് കബീർ

ശ്രീ.കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദസഞ്ചാരവും
ദേവസ്വവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഗസറ്റഡ് ഓഫീസേഴ്സിന്റെ എത്ര സഹകരണ സംഘങ്ങളുണ്ട്; ഇവ ഏതൊക്കെ ജില്ലയിലാണെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് ഗസറ്റഡ് ഓഫീസേഴ്സിന്റെ 3 സഹകരണ സംഘങ്ങൾ ഉണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.<br>തിരുവനന്തപുരം - 2<br>എറണാകുളം -1 |
| (ബി) | പ്രസ്തുത സംഘങ്ങളുടെ ബൈലോകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ? | (ബി) | പ്രസ്തുത സംഘങ്ങളുടെ ബൈലോകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# എറണാകുളം ജില്ലാ ഗസറ്റഡ് ഓഫീസേഴ്സ് സഹകരണസംഘം

ക്ലിപ്തം നമ്പർ ഇ 838

കൊച്ചി – 682018

## നിയമാവലി

Ernakulam Dist. Gazetted Officers' Co-op: Society
Ernakulam-31
Reg:No. E. 838

# എറണാകുളം ജില്ലാ
# ഗസറ്റഡ് ഓഫീസേഴ്സ് സഹകരണ സംഘം
## ക്ലിപ്തം നമ്പർ ഇ 838
## നിയമാവലി

**1. പേരും മേൽവിലാസവും**

1969ലെ XXI - ാം നമ്പർ കേരള സഹകരണസംഘം ആക്ട് അനുസരിച്ച് ഇ.838 നമ്പറായി രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളതാണ്. എറണാകുളം ജില്ലാ ഗസറ്റഡ് ഓഫീസേഴ്സ് സഹകരണസംഘം കേരളത്തിൽ എറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിൽ എറണാകുളം വില്ലേജിൽ ആയിരിക്കും ഇതിന്റെ രജിസ്ട്രേഡ് ഓഫീസ്, എറണാകുളം ജില്ലാ ഗസറ്റഡ് ഓഫീസേഴ്സ് സഹകരണ സംഘം ക്ലിപ്തം നം.ഇ 838, കെ.ജി.ഒ.എ ബിൽഡിംഗ്, ആനിതയ്യിൽ ലെയ്ൻ, നോർത്ത് റെയിൽവേ സ്റ്റേഷൻ റോഡ്, കൊച്ചി – 682018എറണാകുളം എന്നാണ് ഇതിന്റെ മേൽവിലാസം.ഇതിന്റെ പ്രവർത്തന പരിധി എറണാകുളം ജില്ലയിൽ മാത്രമായിരിക്കും.

**2. സംഘത്തിന്റെ ഉദ്ദേശങ്ങൾ**

(എ) സംഘത്തിലെ അംഗങ്ങളിൽ മിതവ്യയം, സ്വാശ്രയശീലം, സഹകരണ മനസ്ഥിതി എന്നിവ ഉളവാക്കി അവരെ പ്രോത്സാഹിപ്പിക്കുകയും സഹകരണ മഹാത്മ്യങ്ങളും തത്വങ്ങളും പ്രചരിപ്പിക്കുകയും ചെയ്യും.

(ബി) മിതമായ പലിശക്ക് സൗകര്യപ്രദമായ വ്യവസ്ഥകളിൽ സംഘത്തിലെ അംഗങ്ങൾക്ക് പണം വായ്പ ലഭ്യമാക്കുന്നതിന് അംഗങ്ങളിൽ നിന്നും അംഗങ്ങളല്ലാത്തവരിൽ നിന്നും നിക്ഷേപങ്ങൾ ശേഖരിക്കുകയും വായ്പകൾ നൽകുകയും ചെയ്യുക.

(സി) കാന്റീൻ നടത്തുകയോ നടത്തുവാൻ സഹായിക്കുകയോ ചെയ്യുക. നിത്യോപയോഗ സാധനങ്ങൾ വാങ്ങി വിതരണം ചെയ്യുന്നതിന് കോ-ഓപ്പറേറ്റീവ് സ്റ്റോറുകൾ സ്ഥാപിക്കുക, ചിട്ടികൾ നടത്തുക, അംഗങ്ങളുടെ ക്ഷേമത്തിനുവേണ്ടി പദ്ധതികൾ ആവിഷ്ക്കരിക്കുക.

(ഡി) മേൽ വിവരിച്ച ഉദ്ദേശങ്ങൾ സഫലമാക്കുന്നതിന് ആവശ്യമെന്നുകാണുന്ന മറ്റു പ്രവർത്തനങ്ങളിൽ ഏർപ്പെടുക.

**3. മൂലധനവും അംഗത്വവും**

(എ) സംഘത്തിന്റെ പൊതുവായ കടങ്ങൾക്ക് അംഗങ്ങളുടെ കടബാധ്യതഅവർ എടുത്തിട്ടുള്ള ഓഹരി തുകയായിരിക്കും എന്ന് ക്ലിപ്തപ്പെടുത്തിയിരിക്കുന്നു.

(ബി) സംഘത്തിന്റെ ഓഹരി മൂലധനം ഓഹരി ഒന്നുക്ക് 100 വീതം 100000 (ഒരുലക്ഷം) എ ക്ലാസ്സ് ഓഹരികൾക്കുള്ള 10000000 (ഒരു കോടി രൂപയും) 100 ക. വീതം 1000 (ആയിരം) ബി ക്ലാസ്സ് ഓഹരികൾകേകുള്ള 100000(ഒരു ലക്ഷംരൂപ)യും കൂടിയുള്ള 11000000 ക.( ഒരു കോടി ഒരു ലക്ഷംരൂപ) ആയിരിക്കും. എ.ക്ലാസ്സ് ഓഹരികൾ വ്യക്തികൾക്കും ബി ക്ലാസ്സ്ഓഹരികൾ ഗവൺമെന്റിനോ ജില്ലാ സഹകരണ ബാങ്കിനോ എടുക്കാവുന്നതാണ്. ഓഹരിതുക മുഴുവനും ഓഹരി എടുക്കുമ്പോൾ അടക്കേണ്ടതാണ്.

(സി) എറണാകുളം ജില്ലയിലുള്ള ഏതു ഗസറ്റഡ് ഓഫീസർമാർക്കും ഈ സംഘത്തിൽ അംഗമായി ചേരുവാൻ അപേക്ഷിക്കാവുന്നതാണ്. എന്നാൽ റിട്ടയർ ചെയ്യുകയോ അംഗമായി ചേർന്നതിനുശേഷംമറ്റുജില്ലയിലേക്ക് സ്ഥലം മാറിപോവുകയോ ചെയ്യുന്ന ഉദ്യോഗസ്ഥൻമാർ സംഘത്തിലെ നിലവിലുള്ള ബാദ്ധ്യത തീരുന്നതുവരെ സംഘത്തിൽ അംഗമായിരിക്കുന്നതാകുന്നു.

(ഡി) മുകളിൽ കൊടുത്തിരിക്കുന്ന യോഗ്യതയുണ്ടെങ്കിലും സംഘത്തിലെ അംഗത്വം ഒരവകാശമായി കണക്കാക്കുവാൻ പാടുള്ളതല്ല. അംഗത്വത്തിനും ഓഹരിക്കുമുള്ള അപേക്ഷകൾ നിർദ്ധിഷ്ട ഫാറത്തിൽ സംഘം സെക്രട്ടറിക്ക് നൽകേണ്ടതും ഓരോ അപേക്ഷയും സംഘം കമ്മിറ്റിയുടെ പരിശോധനയ്ക്കും തീരുമാനത്തിനും കാര്യകാരണ സഹിതം അപേക്ഷ നിരസിക്കുന്നതിനും കമ്മിറ്റിക്ക് പരിപൂർണ്ണ അധികാരമുണ്ടായിരിക്കും. അപേക്ഷ നിരസിക്കുന്ന പക്ഷം ജില്ലാ സഹകരണസംഘം ജോയിന്റ് രജിസ്ട്രാർക്ക് അപ്പീൽ കൊടുക്കാവുന്നതും ജോയിന്റ് രജിസ്ട്രാറുടെ തീരുമാനം അവസാന തീരുമാനമായിരിക്കുന്നതുമാകുന്നു.

(ഇ) ഓരോ അംഗവും കുറഞ്ഞപക്ഷം ഓരോ ഓഹരിയെങ്കിലും എടുക്കേണ്ടതും എന്നാൽ യാതൊരാളും 500 (അഞ്ഞൂറ്) ഓഹരികളിൽ കൂടുതൽ എടുക്കുവാൻ പാടില്ലാത്തതുമാകുന്നു. ഓഹരി ഒന്നിന് ഒരു രൂപപ്രകാരം പ്രവേശന ഫീസ് നൽകണം. ഒരംഗത്തിന്റെ പക്കൽനിന്നും 5രൂപയിൽ കൂടുതൽ പ്രവേശന ഫീസ് ഈടാക്കാവുന്നതല്ല. എന്നാൽ കേന്ദ്ര സ്റ്റേറ്റ് ഗവൺമെന്റുകളോ. ജില്ലാ സഹകരണ ബാങ്കോ സംഘത്തിൽ ഓഹരികൾ എടുക്കുന്ന പക്ഷം ഈ വകുപ്പ് ബാധകമല്ലാത്തതുമാകുന്നു.

**4. ഷെയർ പിൻവലിക്കൽ**

ഓഹരിയെടുത്ത് മൂന്ന് കൊല്ലം തികയുന്നതിനു മുമ്പ് ഓഹരിതുക പിൻവലിക്കുകയോ, കൈമാറ്റം ചെയ്യുകയോ പാടില്ലാത്തതുമാകുന്നു. മൂന്ന് കൊല്ലത്തിനുശേഷം കമ്മിറ്റിയുടെ അനുവാദപ്രകാരം താഴെ പറയുന്ന വ്യവസ്ഥകളിൽ ഓഹരികുത മടക്കി വാങ്ങാവുന്നതാണ്.

(എ) ഓഹരി പിൻവലിക്കുന്നതിന് ഒരു മാസത്തെ നോട്ടീസ് എങ്കിലും നൽകിയിരിക്കണം.

(ബി) ഓഹരി തുക പിൻവലിക്കുന്നയാൾ സംഘത്തിലേക്ക് നേരിട്ടോ ജാമ്യം ന്ന വകയിലോ യാതൊരു സംഖ്യയും കൊടുത്തു തീർക്കുവാൻ ഉണ്ടായിരിക്കരുത്.

(സി) ഓഹരിതുക പിൻവലിക്കുന്നതിന്റെ ഫലമായി ഒരു കൊല്ലത്തിൽ സംഘത്തിൽ നിന്നും മൊത്തം കൊടുക്കേണ്ടി വരുന്ന തുക ആ കൊല്ലം ആരംഭത്തിൽ സംഘത്തിനുണ്ടായിരുന്ന ആകെ ഓഹരി മൂലധനത്തിന്റെ (Paid up share capital) പത്തിലൊന്നിൽ കവിയാതിരിക്കണം.

(ഡി) ഈ നിയമാവലിയിലെ വ്യവസ്ഥകൾ അനുസരിച്ച് ഓഹരിതുകപിൻവലിക്കുന്നതിന് അനുവദിക്കപ്പെടുന്നയാൾക്ക് അയാൾ യഥാർത്ഥിത്തിൽ അടച്ച ഓഹരി സംഖ്യയും ലാഭവിഹിതം വല്ലതുമുണ്ടെങ്കിൽ അതും സംഘത്തിൽ നിന്നും നൽകുന്നതായിരിക്കും.

(ഇ) എന്നാൽ ഏതെങ്കിലും കാരണവശാൽ അംഗത്വം ഇല്ലാതാവുകയോമറ്റേതെങ്കിലും കാരണവശാൽ സംഘത്തിലെ അംഗത്വം നഷ്ടപ്പെടുകയോചെയ്യുന്ന പക്ഷം അയാൾ യഥാർത്ഥത്തിൽ അടച്ചിട്ടുള്ള ഓഹരി തുകലാഭവിഹിതം, മറ്റുവല്ല തുകകളും ചെല്ലാനുണ്ടെങ്കിൽ അവയും പിരിഞ്ഞു പോകുന്നയാളുടെ അപേക്ഷ കിട്ടിയാൽ മൂന്നുമാസത്തിനകം കൊടുക്കേണ്ടതാണ്. അങ്ങിനെ സംഘത്തിൽ നിന്നു പിരിയുന്നയാൾക്ക് നേരിട്ടും ജാമ്യം മുഖേനയും സംഘത്തിലേക്കുള്ള ബാദ്ധ്യതകൾ തട്ടിക്കിഴിച്ച് ബാക്കിയുള്ള സംഖ്യകൾക്കേ അർഹതയുണ്ടായിരിക്കുകയുള്ളു. ഇടപാടുകൾ തീർക്കുന്ന അവസരത്തിൽ സംഘത്തിലേക്ക് കിട്ടാനുള്ള തുകകളാണ് അങ്ങോട്ട് കൊടുക്കേണ്ടതിനേക്കാൾ കൂടുതലുള്ളതെന്ന് കാണുന്നപക്ഷം സംഘത്തിലേക്ക് ബാക്കി വരേണ്ട തുക ഈടാക്കുന്നതിന് സത്വരനടപടികൾ സ്വീകരിച്ച് പണം ഈടാക്കേണ്ടതാണ്.

(എഫ്) ഒരംഗം മരിച്ചുപോയാൽ അയാളുടെ അംഗത്വം തന്നിമിത്തം നിന്നു പോകുന്നതാണ്. ഓരോ അംഗവും ഒരാളെയെങ്കിലും നോമിനി ആയിട്ട് നിയമിച്ചിരിക്കണം. അംഗം മരണപ്പെടുന്ന പക്ഷം സംഘത്തിൽ നിന്നും കിട്ടേണ്ട തുകകൾക്ക് നോമിനിക്ക് അവകാശമുണ്ടായിരിക്കും. നോമിനി ഇല്ലാത്തപക്ഷം അയാളുടെ അവകാശികൾക്ക് സംഘത്തിൽ നിന്നും ചെല്ലേണ്ട തുകകൾ സംഘ നിബന്ധനകളനുസരിച്ച് നൽകേണ്ടതാണ്.

## 5. സംഘത്തിന്റെ കടബാധ്യതകൾ

അംഗത്വം അവസാനിച്ചതിനുശേഷവും സംഘത്തിന്റെ പൊതുവായ കടങ്ങൾക്ക് അംഗത്തിന്റെ ബാദ്ധ്യത രണ്ടുകൊല്ലത്തേക്ക് തുടരുന്നതാണ്. മരിച്ചുപോയ ഒരംഗത്തിന്റെ സ്വത്തുക്കളും മരണശേഷം രണ്ടു വർഷക്കാലത്തേക്ക് സംഘത്തിന്റെ പൊതുവായ കടങ്ങൾക്ക് ഉത്തരവാദിത്വം വഹിക്കുന്നതാണ്. അംഗത്വം അവസാനിച്ചതിൽ പിന്നീട് സംഘത്തിനുണ്ടായിട്ടുള്ള കടങ്ങളിൻമേൽ ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതല്ല.

6. **സംഘത്തിന്റെ ഫണ്ടുകൾ**

(എ) ഓഹരി

(ബി) വിവിധതരം നിക്ഷേപങ്ങൾ

(സി) പ്രവേശന ഫീസ്

(ഡി) വായ്പകൾ

7. **കടങ്ങൾ**

വിവിധതരം നിക്ഷേപങ്ങൾ സ്വീകരിക്കുവാൻ കമ്മിറ്റിക്ക് അധികാരമുണ്ടായിരിക്കും. കൂടാതെ അംഗങ്ങളിൽ നിന്നോ അംഗങ്ങളല്ലാത്തവരിൽ നിന്നോ സംഘത്തിനു വേണ്ടി പണം കടം വാങ്ങുന്നതിനു കമ്മിറ്റിക്ക് അധികാരമുണ്ടായിരിക്കും. എന്നാൽ അങ്ങിനെ കടം വാങ്ങുന്ന പണത്തിന് കൊടുക്കുന്ന പലിശ സംഘം ബന്ധപ്പെട്ടിരിക്കുന്ന ജില്ലാ സഹകരണബാങ്ക് ക്രെഡിറ്റ് സൊസൈറ്റികൾക്ക് നൽകുന്ന വായ്പകളിൻമേൽ ഈടാക്കുന്ന പലിശ നിരക്കിൽ കൂടുവാൻ പാടുള്ളതല്ല. അംഗങ്ങളിൽ നിന്നും അംഗങ്ങളല്ലാത്തവരിൽ നിന്നും ഡിപ്പേസിറ്റു വഴിയായും സംഘത്തിന് മൊത്തം കടമെടുക്കാവുന്ന സംഖ്യ അടച്ചു തീർത്ത ഓഹരി പണത്തിന്റെയും കരുതൽ ധനത്തിന്റെയും കൂടിയുള്ള തുകയുടെ പത്തിരട്ടിയിൽ കവിയാവുന്നതല്ല. കടം വാങ്ങമ്പോൾ പ്രസിഡന്റും, സെക്രട്ടറിയും വേറൊരു കമ്മിറ്റിയംഗവും രസീതുകളിലോ ബോണ്ടുകളിലോ അല്ലെങ്കിൽ ആധാരങ്ങളിലോ ഒപ്പിട്ടിരിക്കണം.

8. **ഡിപ്പേസിറ്റുകൾ**

അംഗങ്ങളുടേയോ അംഗങ്ങളല്ലാത്തവരുടേയോ പക്കൽ നിന്നും കമ്മിറ്റിയുടെ യുക്തംപോലെ എപ്പോൾ വേണമെങ്കിലും ഡിപ്പോസിറ്റുകൾ സ്വീകരിക്കാവുന്നതാണ്. എന്നാൽ അംഗങ്ങൾ അല്ലാത്തവരിൽ നിന്ന് നിക്ഷേപങ്ങൾ സ്വീകരിക്കേണ്ടത് റിസർവ്വ് ബാങ്കിന്റെ നിർദ്ദേശങ്ങൾക്കും വിധേയമായിട്ടായിരിക്കും. താഴെ പറയുന്ന തരത്തിലുള്ള ഡിപ്പോസിറ്റുകൾ സ്വീകരിക്കാം.

(എ) **സ്ഥിര നിക്ഷേപങ്ങൾ**

സഹകരണസംഘം രജിസ്ട്രാർ അതാതുകാലം നിശ്ചയിക്കുന്ന പലിശ നിരക്കിന് വിധേയമായ കമ്മറ്റി നിശ്ചയിക്കുന്ന പലിശ നിരക്കിൽ സ്ഥിര നിക്ഷേപങ്ങൾ സ്വീകരിക്കാവുന്നതാണ്. നിക്ഷേപകൻ ആവശ്യപ്പെട്ടാൽ പലിശ മാസംതോറും നൽകാവുന്നതാണ്. സ്ഥിര നിക്ഷേപങ്ങൾക്ക് അവയുടെ കാലാവധി കഴിഞ്ഞാൽ തുടർന്ന് പലിശ ലഭിക്കണമെങ്കിൽ അവ പുതുക്കേണ്ടതാണ്. സ്ഥിരനിക്ഷേപം പിൻവലിക്കാവുന്നതല്ലെങ്കിലും, പ്രത്യേക സാഹചര്യത്തിൽ പണം പിൻവലിക്കുന്നതിന് നിക്ഷേപകനെ അനുവദിക്കാവുന്നതാകുന്നു. അങ്ങിനെ പിൻവലിക്കുന്ന നിക്ഷേപങ്ങൾക്ക് സേവിംഗ്സ് ബാങ്ക് അക്കൗണ്ടിന് നൽകുന്ന പലിശ കൊടുക്കാവുന്നതാണ്.

(ബി) സേവിംഗ്സ് ബാങ്ക്

ഡിപ്പോസിറ്റ് സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ കാലാവധി പരിമിതികളൊന്നും കൂടാതെ സംഘത്തിലേക്ക് സംഖ്യകൾ സ്വീകരിക്കാവുന്നതാണ്. ഇത്തരം നിക്ഷേപ ങ്ങൾക്ക് സഹകരണസംഘം രജിസ്ട്രാർ അതാതുകാലം നിശ്ചയിക്കുന്ന പലിശനിര ക്കിന് വിധേയമായി കമ്മിറ്റി നിശ്ചയിക്കുന്ന പലിശ നൽകാവുന്നതാണ്.

(സി) സേവിംഗ്സ് ഡിപ്പോസിറ്റ്

കമ്മിറ്റി തീരുമാനിക്കുന്ന ഉപനിയമങ്ങൾക്ക് വിധേയമായി വിവിധതരം സേവിംഗ്സ് ഡിപ്പോസിറ്റുകളിൽ പണം സ്വീകരിക്കാവുന്നതാണ്.

**9. വായ്പകൾ**

(എ) അംഗങ്ങൾക്ക് താഴെ പറയുന്ന കാര്യങ്ങൾ വായ്പകൾ നൽകാവുന്ന താണ്. 1. മുൻകടം വീട്ടാൻ 2. വിവാഹാവശ്യം 3. വിദ്യാഭ്യാസം 4. ഗൃഹോപകരണ വസ്തുകൾ വാങ്ങുവാൻ 5. സ്ഥലമോ വീടോ വാങ്ങുന്നതിന് 6. വീടു നിർമ്മാണ ത്തിനും അറ്റകുറ്റപ്പണികൾ നടത്താനും 7. വാഹനങ്ങൾ വാങ്ങുന്നതിന്.

(ബി) വായ്പ അവകാശമായി കണക്കാക്കാവുന്നതല്ല. കമ്മിറ്റിക്ക് യാതൊരു കാരണവും കാണിക്കാതെ വായ്പ നിരസിക്കുന്നതിനോ തുക വ്യത്യാസപ്പെടുത്തുന്നതിനോ അധി കാരമുണ്ടായിരിക്കും. ഈ തീരുമാനം അവസാനത്തേതായിരിക്കും.

(സി) നിശ്ചിത ഫോറത്തിൽ സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതാണ്. സെക്രട്ടറി അപേക്ഷ പരിശോധിച്ചതിനുശേഷം റിപ്പോർട്ടോടെ കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതാണ്.

(ഡി) യാതൊരു അംഗവും ഒരേസമയം സംഘത്തിലേക്ക് വായ്പയിലോ, വായ്പക ളിലോ, 500000 (അഞ്ചു ലക്ഷം) രൂപയിൽ കൂടുതൽ കടപ്പെടുവാൻ പാടുള്ളതല്ല. വായ്പ താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി നൽകുന്നതാണ്.

1. കടം വാങ്ങുന്നയാളിന്റെ പേരിൽ സംഘത്തിലുള്ള സ്ഥിര നിക്ഷേപത്തിന്റെയോ മറ്റു സേവിംഗ്സ് നിക്ഷേപത്തിന്റെയോ ഉറപ്പിൻമേൽ ആ വക നിക്ഷേപ സംഖ്യ യുടെ വരെ.

2. കടം വാങ്ങുന്നയാളിന്റെയും മറ്റു രണ്ടംഗങ്ങളുടെയും ജാമ്യത്തിൻമേൽ 50,000 രൂപ വരെ. അതിനു മുകളിൽ 50000 രൂപ വരെ കടം വാങ്ങുന്ന ആളിന്റെയും മറ്റു രണ്ടംഗ ങ്ങളുടെയും ജാമ്യത്തിൻമേൽ എന്നാൽ ഒരു അംഗത്തിന് അയാൾക്ക് പരമാവധി കടം വാങ്ങുന്ന സംഖ്യയുടെ ഇരട്ടിയിൽക്കവിഞ്ഞ സംഖ്യക്ക് ജാമ്യമായി നിൽക്കു വാൻ പാടില്ല.

3. വസ്തു ഈടിൻമേൽ

(ഇ) ഒരംഗത്തിന് പരമാവധി വാങ്ങാവുന്ന വായ്പ തുക ആ അംഗം എടുത്തിട്ടുള്ള ഓഹരിതുകയുടെ അൻപതിരട്ടിയോ മൊത്ത ശമ്പളത്തിന്റെ ഇരുപത് ഇരട്ടിയോ അഞ്ചു ലക്ഷം രൂപയോ ഏതാണ് കുറവെന്നു വെച്ചാൽ അതായിരിക്കും.

(എഫ്) കടം വായ്പ 120 മാസത്തിൽ കൂടാത്ത കാലാവധിക്കുള്ളിലോ, റിട്ടർമെന്റ് തീയതിക്കുമുൻപോ അടച്ചു തീർക്കേണ്ടതാണ്. ഗഡുവുകളുടെ എണ്ണവും ഓരോ ഗഡുവിന്റെ തുകയും വായ്പ അനുവദിക്കുമ്പോൾ കമ്മിറ്റി നിശ്ചയിക്കുന്നതാണ്.

(ജി) കമ്മിറ്റി അതാതുകാലം നിശ്ചയിക്കുന്ന പലിശ സംഘത്തിൽ നിന്നും കൊടുക്കുന്ന എല്ലാ വായ്പകൾക്കും ഈടാക്കുന്നതാണ്. ഒരു മാസത്തിന്റെ അംശം 15 ദിവസമോ അതിൽ കൂടുതലോ ആയാൽ അത് ഒരു മുഴുവൻ മാസമായും 15 ദിവസത്തിൽ കുറഞ്ഞാൽ അത് അരമാസമായും കൂട്ടുന്നതും പലിശ ഇതനുസരിച്ച് ഈടാക്കുന്നതുമാണ്.

(എച്ച്) കടം വായ്പയുടെ ഗഡുവുകളെല്ലാം ഇംഗ്ലീഷ്മാസം പത്താംതീയതിക്കു മുമ്പ് അടച്ചിരിക്കണം. ഇതിന് വീഴ്ച വരുത്തിയാൽ മുടക്കിയ ഗഡുവു സംഖ്യക്ക് സാധാരണ ചുമത്തുന്ന പലിശയ്ക്ക് പുറമെ 3 ശതമാനം പിഴ പലിശകൂടി ചുമത്തുന്നതാണ്. പത്താം തീയതി അവധി ദിവസമാണെങ്കിൽ അടുത്ത ജോലി ദിവസം അധിക പലിശയില്ലാതെ ഗഡുവ് സ്വീകരിക്കുന്നതാണ്.

(ഐ) വീഴ്ച വരുത്തിയ വായ്പക്കാരന് കുടുശിക മുഴുവനും അടച്ചു തീർക്കുന്നതുവരെ മറ്റു വായ്പകൾ അപേക്ഷിക്കുന്നതിനും ജാമ്യം നിൽക്കുന്നതിനും അവകാശം ഉണ്ടായിരിക്കുന്നതല്ല.

(ജെ) വായ്പ ഗഡുവുകൾ മുടക്കം വരുത്തിയ തുകകൾ ശമ്പളത്തിൽ നിന്ന് പിടിച്ച് സെക്രട്ടറിയെ ഏൽപ്പിക്കേണ്ടതിന് ഡിപ്പാർട്ട്മെന്റ് മേധാവിയെയോ അതാതു ട്രഷറി ഓഫീസർമാരെയോ അനുവദിച്ചും അധികാരപ്പെടുത്തിയുമുള്ള ഒരു സമ്മതപത്രം വായ്പാപേക്ഷയോടുകൂടി നൽകേണ്ടതാണ്. പ്രസ്തുത സമ്മതപത്രത്തോടു കൂടിയല്ലാതുള്ള വായ്പ അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

(കെ) അംഗം സംഘത്തിലേക്ക് കൊടുക്കേണ്ടതായ വല്ല സംഖ്യയും അടക്കുമ്പോൾ താഴെ കൊടുക്കുന്ന ക്രമം അനുസരിച്ച് കണക്കിൽ കൊള്ളിക്കേണ്ടതാണ്.

1. അയാൾ കൊടുക്കുവാനുള്ള ഫീസ്, പോസ്റ്റൽ ഫീസ് രജിസ്റ്റർ ചെലവ്, മറ്റു പലതരം ചിലവിലേക്കുള്ള തുക.
2. അയാൾ അടക്കുവാനുള്ള പലിശവകയിലേക്ക്
3. മുതലിലേക്ക്
4. ഓഹരി തവണകളിലേക്ക്

(എൽ) ജാമ്യം നിന്ന ഒരാൾ മരിച്ചുപോവുകയോ മറ്റേതെങ്കിലും കാരണവശാലോ അംഗസ്ഥാനം നിന്നു പേവുകയോ തന്നിമിത്തം അയാളുടെ പേര് അംഗങ്ങളുടെ പട്ടികയിൽ നിന്ന് നീക്കം ചെയ്യുകയോ ചെയ്താൽ കമ്മിറ്റിക്കാർ കടംവാങ്ങിയ ആളിനോട് ഒരു പുതിയ ജാമ്യക്കാരനെ ഹാജരാക്കുവാൻ ആവശ്യപ്പെടാവുന്നതാണ്. പുതിയ ജാമ്യം കൊണ്ടുവരാതിരിക്കുകയോ കമ്മിറ്റിക്കാർ നിശ്ചയിക്കുന്ന അവധിക്ക് കടം വായ്പ മടക്കി അടയ്ക്കാൻ വേണ്ട ഏർപ്പാടുകൾ ചെയ്യാതിരിക്കുകയോ

ചെയ്താൽ കടം വായ്പ കണക്ക് ഉടനെ അവസാനിപ്പിക്കേണ്ടതും, കടം വായ്പ തുക ഈടാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

(എം) ഹയർ പർച്ചേഴ്സ് വായ്പ ഒഴികെ എല്ലാ വായ്പകൾക്കും വായ്പതുകയുടെ ഒരു ശതമാനം (1%) നിർബന്ധ നിക്ഷേപമായി പിടിക്കുന്നതും അംഗത്വം അവസാനിക്കുന്ന മുറയ്ക്ക് ഫിക്സഡ് ഡെപ്പോസിറ്റിന് നിശ്ചയിക്കുന്ന പലിശ സഹിതം മടക്കി നൽകുന്നതുമാണ്.

(എൻ) സംഘാടങ്ങൾക്ക് പേ സെക്യൂരിറ്റിയിൻമേൽ 20 മാസക്കാലത്തേക്ക് 50000/- രൂപ അടിയന്തിര വായ്പ അനുവദിക്കാവുന്നതാണ്.

(ഒ) സംഘാംഗങ്ങൾക്ക് കുട്ടികളുടെ വിദ്യാഭ്യാസത്തിന് മറ്റൊരംഗത്തിന്റെ ജാമ്യത്തിൽ 25000/- (ഇരുപത്തി അയ്യായിരം) രൂപ വരെ വിദ്യാഭ്യാസ വായ്പ അനുവദിക്കാവുന്നതാണ്.

(പി) സംഘാംഗങ്ങൾക്ക് ഓണം, ക്രിസ്തുമസ് മുതലായ ഉത്സവാവശങ്ങൾക്ക് ജോയിന്റെ രജിസ്ട്രാർ അംഗീകരിച്ചു തരുന്ന ഉപനിയമങ്ങൾക്കുവിധേയമായി 12 മാസക്കാലാവധിക്ക് 10,000./- രൂപ വരെ സ്വന്തം ജാമ്യത്തിൽ ഉത്സവ വായ്പ അനുവദിക്കാവുന്നതാണ്.

10 **ഭരണം**

(എ) സംഘത്തിന്റെ ഭരണം ഒരു മാനേജിംങ്ങ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും. 9 അംഗങ്ങൾ കമ്മിറ്റിയിലുണ്ടായിരിക്കും. 9 കമ്മിറ്റി അംഗങ്ങളിൽ ഒരു സീറ്റ് പട്ടികജാതി പട്ടിക വിഭാഗത്തിലുള്ളവർക്കും മൂന്നു സീററ് വനിതാ വിഭാഗത്തിലുള്ളവർക്കും, ഒരു സീറ്റ് 10000/- രൂപയിൽ കുറയാത്ത നിക്ഷേപത്തിലുള്ള അംഗത്തിനും സംവരണം ചെയ്തിരിക്കണം. കമ്മിറ്റി അംഗങ്ങളം ഇടയിൽ നിന്നും രഹസ്യബാലറ്റ് വഴി തെരഞ്ഞെടുക്കണം. കമ്മിറ്റി അംഗങ്ങളുടെ സേവന കാലാവധി അഞ്ച് വർഷത്തേക്കായിരിക്കും. പൊതുയോഗം അംഗങ്ങളെ തെരഞ്ഞെടുത്തതിനു ശേഷം കമ്മറ്റിക്കാർ അവരുടെയിടയിൽ നിന്നും ഒരു പ്രസിഡന്റിനെയും ഒരു വൈസ് പ്രസിഡന്റിനെയും സെക്രട്ടറിയെയും തെരഞ്ഞെടുക്കേണ്ടതാണ്. ഇടക്കാലങ്ങളിൽ കമ്മറ്റിയിലേക്ക് ഉണ്ടാകുന്ന ഒഴിവിലേക്ക് നിയമാനുസൃതമുള്ള തെരഞ്ഞെടുപ്പ് നടത്തേണ്ടതാണ്. അപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന ഒരംഗത്തിന്റെ ഉദ്യോഗ കാലാവധി മറ്റുള്ളവരോടൊപ്പം അവസാനിക്കുന്നതാകുന്നു. കാലാവധി കഴിഞ്ഞ് പിരിയുന്ന ഒരു കമ്മിറ്റി അംഗത്തിന് സഹകരണസംഘം ആക്റ്റിനും റൂൾസിനും വിധേയമായി അടുത്ത പൊതുതെരഞ്ഞെടുപ്പിൽ കമ്മറ്റി അംഗമാകാൻ മത്സരിക്കാവുന്നതാണ്. കമ്മറ്റിയിലെ ഏതൊരംഗത്തെയോ അംഗങ്ങളെയോ പൊതുയോഗത്തിന്റെ തീർപ്പനുസരിച്ച് നീക്കം ചെയ്യാവുന്നതാണ്.

(ബി) സംഘം വക കാര്യാദികൾ നടത്തേണ്ടതിന് മാസത്തിൽ ഒരു പ്രാവശ്യമോ അതിൽ കൂടുതലോ കമ്മറ്റിയോഗങ്ങൾ കൂടേണ്ടതാണ്. കമ്മറ്റി യോഗത്തിന് കോറം 5

വോട്ടുകളുടെ ഭൂരിപക്ഷ പ്രകാരം തീർച്ചപ്പെടുത്തണം. വോട്ടുകൾ തുല്യമായിരുന്നാൽ സഭയിലെ അദ്ധ്യക്ഷന് കാസ്റ്റിംഗ് വോട്ട് എന്ന രണ്ടാമതൊരു വോട്ട് ചെയ്യുന്നതിന് അധികാരം ഉണ്ടായിരിക്കും. കമ്മറ്റിയിലെ ഒരംഗം അയാളെ സംബന്ധിക്കുന്ന വല്ല കാര്യങ്ങളും കമ്മറ്റിയോഗത്തിൽ വെച്ച് ആലോചിക്കുമ്പോൾ ആ യോഗത്തിൽ ഹാജരായിരിക്കുവാൻ പാടില്ലാത്തതാകുന്നു. അത്യാവശ്യ സന്ദർഭങ്ങളിൽ കമ്മറ്റിയോഗം വിളിച്ച് കൂട്ടുന്നത് വേണ്ട സമയം ഇല്ലാതിരിക്കുമ്പോൾ, സെക്രട്ടറിക്ക് കമ്മറ്റി അംഗങ്ങളുടെ അനുവാദം സർക്കുലേഷൻ വഴി നേടിയ അനുവാദം അടുത്ത് വരുന്ന കമ്മറ്റി യോഗത്തിന്റെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതാണ്. ഇങ്ങനെ സർക്കുലേഷൻ പ്രകാരം വരുകയാണെങ്കിൽ ആ കാര്യത്തിന്മേൽ നടപടികളൊന്നും കൈകൊള്ളാതെ ഒരു ഔദ്യോഗിക കമ്മറ്റി യോഗത്തിന് മുൻപാകെ സമർപ്പിക്കണം. കമ്മറ്റിയുടെ മിനിറ്റ്സ് ബുക്കിൽ പ്രസിഡന്റും സെക്രട്ടറിയും ഹാജരുള്ള എല്ലാ അംഗങ്ങളും ഒപ്പിട്ടിരിക്കേണ്ടതാണ്.

(സി) കമ്മറ്റിയിലെ ഒരംഗം തുടർച്ചയായി മൂന്ന് കമ്മറ്റിയോഗത്തിന് ഹാജരാകാതെയിരുന്നാൽ അല്ലെങ്കിൽ അയാൾ സംഘത്തിലേക്ക് അടക്കേണ്ട ഗഡുവുകൾക്ക് വീഴ്ച വരുത്തിയാൽ അയാളുടെ കമ്മറ്റി അംഗത്വം നിന്നു പോകുന്നതാണ്. തക്കതായ കാരണം ബോധിപ്പിക്കുന്നപക്ഷം കമ്മറ്റിക്കാർക്ക് അയാളെ വീണ്ടും അംഗമായി നിശ്ചയിക്കാവുന്നതാണ്.

**11. സംഘം ഭാരവാഹികൾ**

കമ്മറ്റിക്കാർ അപ്പോഴപ്പോൾ ചെയ്യുന്ന നിശ്ചയങ്ങൾക്ക് അനുസൃതമായി സംഘം ഉദ്യോഗസ്ഥൻമാർക്ക് താഴെപ്പറയുന്ന അധികാരങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

(എ) പ്രസിഡന്റ്

പ്രസിഡന്റിന് സംഘം ജോലികളെ സംബന്ധിച്ച് ഒരു പൊതു നിയന്ത്രണണം ഉണ്ടായിരിക്കുന്നതും ഔദ്യോഗിക നിലയിൽ അദ്ദേഹം സംഘത്തിന്റെ ഖജാൻജിയായിരിക്കുന്നതുമാകുന്നു. പ്രസിഡന്റ് ഹാജരുള്ളപ്പോൾ അദ്ദേഹം കമ്മറ്റി യോഗത്തിൽ അദ്ധ്യക്ഷം വഹിക്കണം.

(ബി) വൈസ് പ്രസിഡന്റ്

പ്രസിഡന്റിന്റെ അഭാവത്തിൽ വൈസ് പ്രസിഡന്റിന് പ്രസിഡന്റിന്റേതായ എല്ലാ ചുമതലകളും ഉണ്ടായിരിക്കും.

(സി) സെക്രട്ടറി

പ്രസിഡന്റിന്റെ നിയന്ത്രണത്തിന് വിധേയമായി സംഘം ഭരണം നടത്തുന്നതിന്റെ ഉത്തരവാദിത്വം സെക്രട്ടറിക്കുള്ളതാണ്. സംഘം വക സകലപ്രമാണങ്ങളും സ്ഥാവരജംഗമസ്വത്തുകളും സെക്രട്ടറിയുടെ പേരിലായിരിക്കുകയും സെക്രട്ടറിയുടെ സൂക്ഷിപ്പിലായിരിക്കുകയും വേണം. സംഘത്തിനുവേണ്ടി കത്തിടപാടുകൾ നടത്തേണ്ടതും

സംഘത്തിലേക്ക് അടക്കുന്ന സകല തുകകൾക്കും രശീതി നൽകേണ്ടതും സെക്രട്ടറിയാണ്. സംഘത്തിന്റെ ബാങ്ക് അക്കൗണ്ടുകൾ കൈകാര്യം ചെയ്യുന്നത് പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും കൂട്ടുത്തര വാദിത്വത്തിലായിരിക്കണം. സെക്രട്ടറിക്ക് തൻ ചിലവിനത്തിൽ നൂറുരൂപയിൽ കവിയാതെ ചിലവ് ചെയ്യാവുന്നതാകുന്നു. 50,000/- രൂപയിൽ കുടുതലായി സംഘത്തിലുണ്ടായിരിക്കാവുന്ന സകല നീക്കിയരിപ്പുകളും ജില്ലാ സഹകരണ ബാങ്കിലോ കമ്മറ്റി നിശ്ചയിക്കുന്ന മറ്റേതെങ്കിലും ഒരംഗീകൃത ബാങ്കിലോ നിക്ഷേപിക്കേണ്ടതാകുന്നു. ഇപ്രകാരം നിക്ഷേപിക്കാത്ത സംഘംവക മുതൽ കൈവശം വെച്ചുകൊണ്ടിരുന്നാൽ അങ്ങിനെ വച്ചുകൊണ്ടിരിക്കുന്ന സംഖ്യക്ക് കൈവശക്കാരിൽ നിന്നും കൊല്ലത്തിൽ 18 ശതമാനം വീതമുള്ള പലിശ ഈടാക്കുന്നതും സിവിലായും ക്രിമിനലായുമുള്ള നടപടികൾക്ക് കൈവശക്കാർ വിധേയരാകുന്നതുമാണ്.

**12. കമ്മറ്റി**

(എ) കമ്മറ്റിക്കാർ സഹകരണ സംഘം റൂൾസിലെ 31-ാം വകുപ്പുപ്രകാരം നിശ്ചയിച്ചിട്ടുള്ളതും രജിസ്ട്രാർ അപ്പോഴപ്പോൾ നിശ്ചയിക്കുന്ന ചട്ടങ്ങൾ പ്രകാരമുള്ള കണക്കുകളും രജിസ്റ്ററുകളും വെക്കേണ്ടതും, രജിസ്ട്രാർ അയക്കുന്ന ഓഡിറ്റ് ഉത്തരവുകളും ഇൻസ്പെക്ഷൻ നോട്ടുകളും അവ കിട്ടിയ തീയതി മുതൽ ഒരു മാസത്തിനകം സംഘത്തിന്റെ പൊതുയോഗം മുമ്പാകെ ഹാജരാക്കേണ്ടതും രജിസ്ട്രാറുമായി എഴുത്തുകുത്തുകൾ നടത്തേണ്ടതും സംഘത്തിനെ സംബന്ധിച്ച് മറ്റെല്ലാ കാര്യങ്ങളും നടത്തേണ്ടതും ആകുന്നു.

(ബി) ജോയിന്റ് രജിസ്റ്ററുടെ അംഗീകരണത്തിനു വിധേയമായി കമ്മറ്റിക്ക് സംഘം വക പ്രവർത്തികൾ നടത്തേണ്ടതിന് ജീവനക്കാരെ നിശ്ചയിക്കാവുന്നതും നിശ്ചയിച്ചതോതനുസരിച്ചുള്ള ശമ്പള ചിലവുകളും പൊതുയോഗം അതാതുകൊല്ലം അനുവദിക്കുന്ന ബഡ്ജറ്റ് സംഖ്യയിൽ അടങ്ങിയ ചെലവും നടത്താവുന്നതാണ്. സർവ്വീസ് കണ്ടീഷൻസിന് വിധേയമായി സംഘം ജീവനക്കാരുടെ പേരിൽ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതിനും അവരെ സസ്പെന്റ് ചെയ്യുന്നതിനും പിരിച്ചുവിടുന്നതിനും കമ്മറ്റിക്ക് അധികാരമുണ്ടായിരിക്കും.

(സി) സംഘം ജീവനക്കാരുടെ പക്കൽനിന്നും വാങ്ങേണ്ടതായ ജാമ്യത്തെ സംബന്ധിച്ചും രീതിയെ സംബന്ധിച്ചും കമ്മിറ്റിക്കാർക്ക് തീർച്ചപ്പെടുത്തുവാൻ അധികാരമുണ്ടായിരിക്കും. സംഘം ജീവനക്കാരിൽ നിന്നും വാങ്ങുന്ന ജാമ്യസംഖ്യക്ക് ഫിക്സഡ് ഡിപ്പോസിറ്റിൽ കൊടുക്കുന്ന നിരക്കിൽ പലിശ കൊടുക്കേണ്ടതാണ്.

(ഡി) സംഘം കാര്യങ്ങൾ നടത്തേണ്ടതിന് കമ്മിറ്റിക്കാർക്ക് ആക്റ്റും അതനുസരിച്ചുള്ള ചട്ടങ്ങളും ഈ നിബന്ധനകളും അനുസരിച്ച് ഉപനിബന്ധനകൾ ഉണ്ടാക്കുവാൻ അധികാരമുണ്ട്. ഈ നിബന്ധനകളെ സംഘത്തിന്റെ മിനിട്സ് ബുക്കിൽ ചേർക്കേണ്ടതും അതിന്റെ ഒരു പ്രതി സഹകരണസംഘം രജിസ്ട്രാറുടെ അനുമതിയ്ക്കായി അയക്കേണ്ടതുമാകുന്നു.

(ഇ) കമ്മിറ്റിയിൽ പ്രസിഡന്റ് ഹാജരുള്ളപ്പോൾ പ്രസിഡന്റും, പ്രസിഡന്റിന്റെ അഭാവത്തിൽ വൈസ് പ്രസിഡന്റും ഇരുകൂട്ടരുടെയും അഭാവത്തിൽ കമ്മിറ്റിയംഗങ്ങളുടെ ഇടയിൽ നിന്ന് തെരഞ്ഞെടുക്കുന്ന ഒരംഗവും അദ്ധ്യക്ഷം വഹിക്കും.

**13. പൊതുയോഗം**

(എ) സംഘത്തിന്റെ ഭരണം സംബന്ധിച്ചുള്ള എല്ലാ സംഗതികളുടെയും അവസാന തീരുമാനത്തിനുള്ള അധികാരം അംഗങ്ങളുടെ പൊതുയോഗത്തിനായിരിക്കും. ആ യോഗം സംഘത്തിന്റെ കാര്യങ്ങൾ നടത്തുവാൻ ആവശ്യമുള്ളപ്പോഴൊക്കെ കൂടുകയും വേണം. ചുരുങ്ങിയത് കൊല്ലത്തിൽ ഒരു പ്രാവശ്യമെങ്കിലും പൊതുയോഗം കൂടേണ്ടതാണ്. പൊതുയോഗം തീരുമാനിക്കേണ്ട പ്രധാന സംഗതികൾ താഴെ ചേർക്കുന്നു

1. ഭരണസമിതിയെ തെരഞ്ഞെടുക്കുകയും മാറ്റുകയും ചെയ്യുക.
2. സഹകരണ സംഘം രജിസ്ട്രാർക്ക് അയക്കേണ്ട വർഷാവസാന റിപ്പോർട്ട് ചർച്ച ചെയ്യുക.
3. രജിസ്ട്രാറുടെ ഓഡിറ്റ് റിപ്പോർട്ടും വർഷാവസാന കണക്കു പരിശോധനാ ഉത്തരവും വായിച്ചു നോക്കി വേണ്ടവിധം പ്രവർത്തിക്കുക.
4. നടപ്പിലിരിക്കുന്ന വല്ല നിബന്ധനയും ഉണ്ടാക്കുകയോ ചെയ്യുക.
5. ആവശ്യമെങ്കിൽ അംഗങ്ങളെ നീക്കം ചെയ്യുക.
6. കമ്മിറ്റിക്കെതിരായി അംഗങ്ങളിൽ നിന്നും പരാതിയുണ്ടായാൽ അവ പരിഗണിക്കുക.
7. കമ്മറ്റി അവതരിപ്പിക്കുന്ന വരവ് ചെലവ് ബഡ്ജറ്റ് പാസാക്കുക.
8. ജില്ല സഹകരണ പ്രസ്സ്, തുടങ്ങിയ കേന്ദ്ര സഹകരണ സ്ഥാപനങ്ങളിൽ ഓഹരി എടുക്കുന്നതിനും മേൽപ്പടി സ്ഥാപനങ്ങളിലേക്കുള്ള പ്രതിനിധിയെ തീരുമാനിക്കുന്നതിനും പൊതുയോഗത്തിന് അധികാരം ഉണ്ടായിരിക്കും.

(ബി) ആവശ്യമെന്നു തോന്നുമ്പോൾ പൊതുയോഗം വിളിച്ചു കൂട്ടാവുന്നതാണ്. എന്നാൽ നിലവിലുള്ള അംഗങ്ങളിൽ അഞ്ചിലൊന്നോ, അല്ലെങ്കിൽ 50 (അൻപത്) അംഗങ്ങളുടെയോ അപേക്ഷയനുസരിച്ചും രജിസ്ട്രാറുടെ ആവശ്യപ്രകാരവും പൊതുയോഗം വിളിച്ചു കൂട്ടാവുന്നതാണ്.

(സി) പൊതുയോഗത്തിന് ഹാജരാകേണ്ട അംഗങ്ങളുടെ സംഖ്യ (കോറം) 25 (ഇരുപത്തഞ്ചോ) അല്ലെങ്കിൽ ആദ്യത്തെ അംഗസംഖ്യയുടെ അഞ്ചിലൊന്നോ ഇതിൽ ഏതാണോ കുറവ് അതായിരിക്കും. യോഗം ആരംഭിക്കുന്നതിന് നിശ്ചയിക്കുന്ന സമയം മുതൽ 30 മിനിട്ടിനകം കോറം തികയാതെ വരികയാണെങ്കിൽ യോഗം ഏഴു ദിവസങ്ങൾക്കുശേഷമുള്ള വേറൊരു ദിവസത്തേക്ക് മാറ്റിവയ്ക്കാവുന്നതാണ്. പക്ഷെ പൊതുയോഗം അംഗങ്ങളുടെ പ്രത്യേക ആവശ്യപ്രകാരമുള്ള യോഗമാണെങ്കിൽ യോഗത്തിന് നിശ്ചയിച്ചിരിക്കുന്ന സമയത്തിന് 20 മിനിറ്റിനുള്ളിൽ കോറം തികയാതെ വരികയാണെങ്കിൽ ആ പൊതുയോഗം വേണ്ടെന്നു വയ്ക്കേണ്ടതാണ്.

മാറ്റിവച്ച യോഗത്തിൽ കോറം തികഞ്ഞില്ലെങ്കിൽ തന്നെയും സംഘത്തിന്റെ പൊതുയോഗം നടത്താവുന്നതും അത് കോറമുള്ള പൊതുയോഗമായി പ...ഗണിക്കുന്നതുമാണ്.

(ഡി) പൊതുയോഗത്തിൽ പ്രസിഡന്റ് ഹാജരുള്ളപ്പോൾ, പ്രസിഡന്റ്, പ്രസിഡന്റിന്റെ അഭാവത്തിൽ വൈസ് പ്രസിഡന്റ്, ഇരുകൂട്ടരുടെയും അഭാവത്തിൽ അംഗങ്ങളുടെ ഇടയിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരംഗം അദ്ധ്യക്ഷം വഹിക്കും. ഹാജരായി വോട്ടുചെയ്യുന്ന അംഗങ്ങളുടെ വോട്ടിന്റെ ഭൂരിപക്ഷപ്രകാരം എല്ലാ കാര്യങ്ങളും തീർച്ചപ്പെടുത്തുന്നതാണ്. ഹാജരുള്ള ഓരോ അംഗത്തിനും ഓരോ വോട്ടുമാത്രമേ ഉണ്ടായിരിക്കുകയുള്ളൂ. വോട്ടുകൾ തുല്യമായിരുന്നാൽ അദ്ധ്യക്ഷന് രണ്ടാമതൊരു വോട്ടുകൂടി ഉണ്ടായിരിക്കുന്നതാണ്.

### 14. നോട്ടീസ്

(എ) സാധാരണയായി കമ്മിറ്റിയോഗം അംഗങ്ങൾക്ക് അജണ്ടയോടുകൂടി മൂന്നു ദിവസത്തിനു മുമ്പ് നോട്ടീസ് അയച്ചിരിക്കേണ്ടതാണ്. എന്നാൽ അടിയന്തിര കമ്മിറ്റിക്ക് 24 മണിക്കൂറിന് മുമ്പ് നോട്ടീസ് നടത്തിയിരിക്കേണ്ടതാണ്.

(ബി) സാധാരണയായി പൊതുയോഗം കൂടുവാൻ അംഗങ്ങൾക്ക് അജണ്ടയോടുകൂടി ഏഴുദിവസത്തിനു മുമ്പ് നോട്ടീസ് അയച്ചിരിക്കേണ്ടതാണ്. നോട്ടീസ് സർട്ടിഫിക്കറ്റ് ഓഫ് പോസ്റ്റിംഗ് മുഖേന അയക്കേണ്ടതാണ്.

### 15. കമ്മറ്റിയംഗങ്ങൾക്ക് കിട്ടുന്ന പ്രതിഫലം Remuneration

കമ്മിറ്റിയോഗങ്ങളിൽ പങ്കെടുക്കുന്നതിന് ടി.എയും അനുവദിക്കാവുന്നതാണ്. സഹകരണ സംഘം രജിസ്ട്രാർ അതാതുകാലം നിശ്ചയിക്കുന്ന സിറ്റിംഗ് ഫീസ് നൽകാവുന്നതാണ്. പ്രസിഡന്റും സെക്രട്ടറിയും ചെയ്യുന്ന കൂടുതൽ ജോലി പരിഗണിച്ച് P\ dÂ t_ nÙ η vÏ k rÙ â ṅ pwsk {Î «dη pw Honararium അനുവദിക്കാവുന്നതാണ്.

### 16. വെൽഫെയർ ഫണ്ട്

ലാഭ വിഹിതത്തിൽ നിന്ന് ഒരു ഓഹരിയും അംഗങ്ങളിൽ നിന്നും മറ്റുള്ളവരിൽ നിന്നും സംഭാവനകൾ സ്വീകരിച്ച് വെൽഫെയർ ഫണ്ട് ഉണ്ടാവുന്നതാണ്. വെൽഫെയർഫണ്ട് താഴെ പറയുന്ന കാര്യങ്ങൾക്ക് വിനിയോഗിക്കാവുന്നതാണ്. ഇതിനാവശ്യമായ ഉപനിബന്ധനകൾ കമ്മറ്റി തയ്യാറാക്കി സഹകരണസംഘം രജിസ്ട്രാറുടെ അനുമതി തേടേണ്ടതാണ്.

(എ) ഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസ സഹായം നൽകുന്നതിന്.
(ബി) അംഗത്തിന് സുഖക്കേടു പിടിപെടുമ്പോഴോ മരിക്കുമ്പോഴോ സഹായധനം നൽകുന്നതിന്.
(സി) അംഗങ്ങൾക്ക് സ്റ്റഡിടൂർ, വിനോദസഞ്ചാരം മുതലായവയ്ക്ക്.
(ഡി) അംഗങ്ങളുടെ കലാസാംസ്കാരിക കാര്യങ്ങളിൽ പ്രോത്സാഹനം നൽകുന്നതിന്.
(ഇ) അതാതുകാലം കമ്മിറ്റി നിശ്ചയിക്കുന്ന ക്ഷേമപ്രവർത്തനങ്ങൾക്ക്.

**17. ലാഭം**

രജിസ്ട്രാർ കൊല്ലംതോറും അനുവദിച്ച് പരസ്യമാക്കിയിട്ടുള്ള ആദായങ്ങളെ താഴെ പറയുംപ്രകാരം വീതിക്കുന്നു.
(എ) 15% ത്തിൽ കുറയാതെ കരുതൽ ധനത്തിൽ നിക്ഷേപിക്കുക.
(ബി) 5% ത്തിൽ കവിയാതുള്ളൊരു സംഖ്യ കോ-ഓപ്പറേറ്റീവ് എഡ്യൂക്കേഷൻ ഫണ്ടിൽ അതിനായുള്ള കോ-ഓപ്പറേറ്റീവ് റൂൾസ് അനുസരിച്ച് നിക്ഷേപിക്കുക.
(സി) ബാക്കിയുള്ള തുക

1. അടച്ചിട്ടുള്ള ഓഹരി സംഖ്യയിന്മേൽ പത്തു ശതമാനത്തിൽ കവിയാതെ കണ്ട് ഡിവിഡന്റായി കൊടുക്കുക.
2. ഇരുപത് ശതമാനം ബിൽഡിംഗ് ഫണ്ട്.
3. പത്ത് ശതമാനം ട്രെയിഡ് റിസ്ക്.
4. പന്ത്രണ്ടര ശതമാനം കമ്മിറ്റിയംഗങ്ങൾക്കോ കമ്മിറ്റിയിംഗത്തിനോ Honararium.
5. ബാക്കിയുള്ള തുക വെൽഫെയർഫണ്ട്.

**18. കരുതൽ ധനം**

കരുതൽ ധനം ഒന്നായി നിറുത്തേണ്ടതും വിചാരിക്കാതെ നേരിടുന്ന നഷ്ടങ്ങൾ തീർപ്പാനായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതുമാകുന്നു. യാതൊരംഗത്തിനും അതിൽ പ്രത്യേക ഓഹരിക്ക് അവകാശം പറഞ്ഞു കൂടാവുന്നതുമാകുന്നു.

**19. പലവക**

അംഗങ്ങൾ പൊതുയോഗത്തിൽ അവതിരിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന പ്രമേയങ്ങളും ചോദ്യങ്ങളും യോഗത്തിന് നിശ്ചയിച്ചിരിക്കുന്ന തീയതിക്ക് 3 ദിവസം മുമ്പ് സംഘം സെക്രട്ടറിയെ ഏൽപ്പിച്ചിരിക്കണം.

20. പൊതുയോഗത്തിൽ പാസാവുന്ന നിബന്ധന ഭേദഗതികളും മാറ്റങ്ങളും, പുതിയ നിബന്ധനകളും രജിസ്ട്രാറുടെ അംഗീകാരം ലഭിച്ചാൽ മാത്രമേ പ്രാബല്യത്തിൽ വരികയുള്ളൂ.

21. ആക്ടിലെ വല്ല വകുപ്പിനെയോ ചട്ടത്തെയോ വ്യാഖ്യാനിക്കുന്ന കാര്യത്തിൽ വല്ല സംശയവുമുണ്ടാകുമ്പോൾ കമ്മറ്റി അത് രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതും ആ കാര്യത്തിൽ രജിസ്ട്രാറുടെ തീർപ്പ് അവസാനമായിരിക്കുന്നതുമാക്കുന്നു.

22. സംഘം അംഗങ്ങൾ തമ്മിലാകട്ടെ മുമ്പ് സംഘത്തിലെ അംഗങ്ങളായിരുന്നവർ തമ്മിൽ ആകട്ടെ, ഒരു അംഗം വഴിയായോ, മുമ്പ് അംഗമായിരുന്ന ആൾ വഴിയായോ അവകാശപ്പെടുന്ന ആളുകൾ തമ്മിലാകട്ടെ, അംഗമോ മുമ്പ് അംഗമായിരുന്ന ആളോ, ഇങ്ങനെ അവകാശപ്പെടുന്ന ആളോ, ഇവരും കമ്മററിക്കാരും തമ്മിലാകട്ടെ, സംഘത്തിന്റെ പ്രവൃത്തിയെപ്പറ്റി ഒരു തർക്കമുണ്ടാകുന്ന സംഗതിയിൽ അത് എഴുത്തുമൂലം മേൽപ്പറഞ്ഞ ഏതു കക്ഷിക്കും സഹകരണസംഘം രജിസ്ട്രാറുടെ തീർപ്പിനായി അയക്കാം. ഇപ്രകാരംതന്നെ ഒരംഗമോ മുമ്പ് അംഗമായിരുന്ന ആളോ ഒരംഗം വഴിയായോ മുമ്പ് അംഗമായിരുന്ന ആൾ വഴിയായോ അവകാശപ്പെടുന്ന ആളുകളോ സംഘത്തിലേക്ക് കൊടുക്കേണ്ടതായ വല്ല കടം വായ്പയെപ്പറ്റിയും ഒരു തർക്കമുണ്ടായാൽ ആയത് ഇരുകക്ഷികൾക്കും എഴുത്തുമൂലം രജിസ്ട്രാറുടെ തീർപ്പിനായി അയക്കാം. രജിസ്ട്രാർ അങ്ങനെയുള്ള തർക്കങ്ങൾ താൻ തന്നെ തീർപ്പുചെയ്യുകയോ സഹകരണസംഘം റൂൾസ് അനുസരിച്ച് ഒരു മദ്ധ്യസ്ഥനോ മദ്ധ്യസ്ഥന്മാർക്കോ തീർപ്പു ചെയ്യുവാൻ അയക്കുകയോ ചെയ്യാം. രജിസ്ട്രാറോ മദ്ധ്യസ്ഥനോ, മദ്ധ്യസ്ഥൻമാരോ കൽപ്പിക്കുന്ന തീർപ്പ് അവസാന തീർപ്പായിരിക്കുന്നതുമാകുന്നു.

23. സംഘത്തിന് ഒരു പൊതുമുദ്രയും ബോർഡും ഓരോഫീസും ഉണ്ടായിരിക്കും.

24. ഓരോ അംഗവും മേൽവിലാസത്തിൽ ഏതെങ്കിലും മാറ്റമുണ്ടായാൽ ഉടനടി സംഘം സെക്രട്ടറിയെ രേഖാമൂലമായി അറിയിക്കേണ്ടതാണ്.

25. സംഘം വച്ചു നടത്തുന്ന ചിട്ടികളിലും പ്രതിമാസ നിക്ഷേപ പദ്ധതികളിലും സംഘത്തിൽ അംഗമായവർക്ക് ചേരാവുന്നതാണ്. നിക്ഷേപ പദ്ധതികളിലും ചിട്ടികളിലും 'സി' ക്ലാസ് മെമ്പർഷിപ്പ് നൽകി ആയതിൽ മാത്രായി അംഗമാക്കാവുന്നതാണ്.

# കേരള ഗസറ്റഡ് ആഫീസേഴ്സ് സഹകരണ സംഘം

ക്ലിപ്തം നമ്പർ റ്റി. 424

തിരുവനന്തപുരം

# നിയമാവലി

Kerala Gazetted Officers' Co-operative Society Ltd.
No. 424
Trivandrum

# കേരള ഗസറ്റഡ് ആഫീസേഴ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി. 424.

## തിരുവനന്തപുരം

# നിയമാവലി

## 1. പേരും മേൽവിലാസവും :

i ഈ സംഘം 'കേരള ഗസറ്റഡ് ആഫീസേഴ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി. 424 ' എന്ന പേരിൽ അറിയപ്പെടുന്നതായിരിക്കും.

ii ഇത് 1969ലെ കേരള സഹകരണ സംഘം ആക്റ്റിന് വിധേയമായി രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. (1969 XXI പ്രകാരം)

iii ഇതിന്റെ മേൽവിലാസം 'കേരള ഗസറ്റഡ് ആഫീസർമാരുടെ സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി. 424,' തിരുവനന്തപുരം എന്നായിരിക്കുന്നതും, ആസ്ഥാനം തിരുവനന്തപുരത്തായിരിക്കുന്നതുമാണ്

iv സഹകരണ സംഘം രജിസ്ട്രാറുടെ അംഗീകാരത്തോടു കൂടി സംഘത്തിന് കോഴിക്കോട്, തൃശൂർ എന്നീ സ്ഥലങ്ങളിൽ ശാഖകൾ ഉണ്ടായിരിക്കുന്നതാണ്.

v പൊതുയോഗത്തിന്റെ തീരുമാന പ്രകാരം സഹകരണ സംഘം രജിസ്ട്രാറുടെ അംഗീകാരത്തിന് വിധേയമായി സംസ്ഥാനത്തിന്റെ ജില്ല ആസ്ഥാനങ്ങളിലെവിടെയും സംഘത്തിന് ശാഖകൾ ആരംഭിയ്ക്കാവുന്നതാണ്.

## 2. പ്രവർത്തന പരിധി

സംഘത്തിന്റെ പ്രവർത്തന പരിധി സംസ്ഥാനമൊട്ടാകെ വ്യാപിച്ചിരിക്കുന്നതാണ്

## 3 ഉദ്ദേശ്യ ലക്ഷ്യങ്ങൾ

സംഘത്തിന്റെ പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങൾ : -

എ) അംഗങ്ങളുടെ ഇടയിൽ സമ്പാദ്യശീലം, സ്വയംസഹായം, പരസ്പര സഹകരണം എന്നിവ പ്രോത്സാഹിപ്പിക്കുക

ബി) സംഘം പ്രവർത്തനം നടത്തി കൊണ്ടു പോകുന്നതിന് വേണ്ടി അംഗങ്ങൾ, കേരള സഹകരണ സംഘം നിയമത്തിൻ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾ എന്നീ മാർഗ്ഗങ്ങളിലൂടെയും കൂടാതെ സഹകരണ സംഘം രജിസ്ട്രാറുടെ മുൻകൂർ അനുമതിയോടെ മറ്റ് മാർഗ്ഗങ്ങളിലൂടെയും ഫണ്ടുകൾ സ്വരൂപിക്കുക.

സി) അംഗങ്ങൾക്ക് വായ്പകൾ നല്കുക

ഡി) അംഗങ്ങളുടെ താമസത്തിന് വീടുകൾ വയ്ക്കുന്നതിനു വേണ്ടി ഭൂമി വാങ്ങി അംഗങ്ങളുടെയിടയിൽ വിതരണം ചെയ്യുക.

ഇ) കാന്റീനുകൾ, ഹോസ്റ്റലുകൾ എന്നിവ സ്ഥാപിച്ചു നടത്തുക,അവ സ്ഥാപിച്ച് നടത്തുന്നതിന് സഹായിക്കുക.

Gazetted O... ...operative Soc... No. 424 Trivandrum

എഫ് അംഗങ്ങൾക്ക് മിതമായ വാടക നിരക്കിൽ താമസത്തിന് ലഭ്യമാകത്തക്ക തരത്തിൽ വീടുകളോ, ഫ്ളാറ്റുകളോ സ്വന്തമാക്കുകയോ ലഭ്യമാക്കുകയോ ചെയ്യുക.

ജി) അംഗങ്ങൾക്ക് ഉപകാരപ്രദമാകുന്ന തരത്തിൽ ആംബുലൻസ് വാഹനങ്ങൾ, ടാക്സി കാറുകൾ എന്നിവ സ്വന്തമാക്കി പ്രവർത്തിപ്പിക്കുക.

എച്ച് കംപ്യൂട്ടർ സാക്ഷരത നേടുന്നതിനായുളള ബേസിക്, അഡ്വാൻസ്ഡ് അല്ലെങ്കിൽ റീഫ്രെഷ്ഡ് കോഴ്സുകൾ, സോഫ്റ്റ്വെയർ വികസിപ്പിക്കൽ, സെക്രട്ടേറിയൽ പ്രാക്ടീസ്, ടൈപ്പ്റൈറ്റിംഗ്, തയ്യൽ, കരകൗശല വസ്തുക്കൾ നിർമ്മിക്കൽ അത്തരത്തിലുളള മറ്റ് കോഴ്സുകൾ എന്നിവയ്ക്കായി പരിശീലന ക്ലാസ്സുകൾ നടത്തി അംഗങ്ങളുടെ ഒഴിവു സമയം അവർക്ക് ഗുണകരമായ തരത്തിൽ വിനിയോഗിക്കുന്നതിന് പ്രാപ്തരാക്കുക

ഐ നിത്യജീവിതത്തിനാവശ്യമുളള സാധനങ്ങൾ വാങ്ങി സ്റ്റോക്കു ചെയ്യുന്നതിനും അംഗങ്ങൾക്ക് മറിച്ച് വില്ക്കുന്നതിനുമായി സഹകരണ സ്റ്റോറുകൾ ആരംഭിച്ച് നടത്തുക.

ജെ) അംഗങ്ങൾക്ക് പ്രയോജനകരമായ തരത്തിൽ ചിട്ടികൾ നടത്തുക.

കെ) ധാർമ്മിക പ്രവൃത്തികൾക്കായി സംഭാവനകളിലൂടെയോ മറ്റ് തരത്തിലോ ഫണ്ടുകൾ സ്വരൂപിക്കുക.

എൽ) സഹകരണ തത്വങ്ങളെക്കുറിച്ചുളള അറിവ് പകർന്നു നല്കുക.

എം) മേല്പറഞ്ഞ ഉദ്ദേശ്യ ലക്ഷ്യങ്ങൾ കൈവരിക്കാനുതകുന്ന മറ്റ് പ്രവർത്തനങ്ങൾ നടത്തുക.

എൻ) അംഗങ്ങൾക്ക് പ്രയോജനകരമായ തരത്തിൽ എം ഡി എസ് നടത്തുക.

## 4 ഓഹരി മൂലധനം

1) 100 രൂപ മുഖവിലയുളള 300000 'എ' ക്ലാസ്സ് ഓഹരികൾ ചേർന്ന 30000000/- (മൂന്ന് കോടി ) രൂപയും 500 രൂപ മുഖവിലയുളള 10,000 'ബി' ക്ലാസ്സ് ഓഹരികളും 50 രൂപ മുഖവിലയുളള 100000 'സി' ക്ലാസ്സ് ഓഹരികളും ചേർന്ന് 40000000/- (നാല് കോടി) രൂപയായിരിക്കും. സംഘത്തിന്റെ മൂലധനം 'ബി' ക്ലാസ്സ് ഓഹരികൾ സർക്കാരിനും കോർപ്പറേഷനുകൾ, ബോർഡുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ സംഘങ്ങൾ മറ്റ് ധനകാര്യ സ്ഥാപനങ്ങൾ എന്നിവക്കുമായിരിക്കും നല്കുന്നത്. സംഘം നടത്തുന്ന ചിട്ടികളിൽ ചേരുന്നതിനും നിക്ഷേപങ്ങൾ നടത്തുന്നതിനുമായി നോൺ ഗസറ്റഡ് ഉദ്യോഗസ്ഥർക്കും സംഘത്തിൽ 'എ' ക്ലാസ്സ് അംഗമാകാൻ താല്പര്യമില്ലാത്ത ഗസറ്റഡ് ഉദ്യോഗസ്ഥർക്കുമായി 'സി'ക്ലാസ്സ് അംഗത്വം നിക്ഷിപ്തമാക്കിയിരിക്കുന്നു.

2) ഏതൊരു എ ക്ലാസ്സ് അംഗത്തിനും ഏറ്റവും കുറഞ്ഞത് ഒരു ഓഹരി ഉണ്ടായിരിക്കേണ്ടതും പരമാവധി ആയിരത്തിഅഞ്ഞൂറ് ഓഹരികളിൽ കൂടുതൽ കൈവശം വയ്ക്കാൻ പാടുളളതുമല്ല.

## 5 അംഗങ്ങൾ

I കേരള സംസ്ഥാന സർവ്വീസിലുളള ഏതൊരു ഗസറ്റഡ് ഉദ്യോഗസ്ഥനും സംഘത്തിൽ അംഗമാകുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.എന്നാൽ അംഗത്വം ഒരവകാശമായി ഉന്നയിയ്ക്കാൻ ഒരാൾക്കും അവകാശമുണ്ടാ

No. 424

യിരിക്കുന്നതല്ല.

II അംഗത്വത്തിനും ഓഹരികൾക്കുമായുള്ള അപേക്ഷകൾ ആയതിനുള്ള നിശ്ചിത ഫാറത്തിൽ സെക്രട്ടറിക്ക് നല്കേണ്ടതാണ്. ഇങ്ങനെ ലഭിക്കുന്ന എല്ലാ അപേക്ഷകളും ഭരണസമിതിയുടെ മുമ്പാകെ വയ്ക്കേണ്ടതും ഭരണ സമിതി അവ അംഗീകരിക്കുകയോ വ്യക്തമായ കാരണങ്ങൾ കാണിച്ചു കൊണ്ട് നിരാകരിക്കുകയോ ചെയ്യേണ്ടതാണ്. ഇപ്രകാരം അപേക്ഷ നിര സിക്കപ്പെടുന്ന പക്ഷം അത്തരം ആൾക്കാർക്ക് സഹകരണസംഘം രജിസ്ട്രാർക്ക് മുമ്പാകെ ചട്ട പ്രകാരം അപ്പീൽ നല്കാവുന്നതാണ്.

III എ ക്ലാസ്സ് അംഗത്വത്തിന് വേണ്ടി സമർപ്പിയ്ക്കപ്പെടുന്ന അപേക്ഷയോ ടൊപ്പം 25(ഇരുപത്തിഅഞ്ച്) രൂപ പ്രവേശന ഫീസായി ഒടുക്കേണ്ടതാണ്.

IV ഒരംഗം സർവ്വീസിൽ നിന്നും റിട്ടയർ ചെയ്യുന്നതു മൂലം അംഗത്വം അവസാ നിച്ചുപോകുന്നപക്ഷം അദ്ദേഹം/അവർ ആഗ്രഹിക്കുന്നുണ്ടെങ്കിൽ അവർക്ക് അസോസിയേറ്റ് അംഗങ്ങളായി തുടരാവുന്നതാണ്. എന്നാൽ ഇത്തരം അംഗങ്ങൾക്ക് വോട്ടവകാശം ഉണ്ടായിരിക്കുന്നതല്ല. എന്നാൽ അസോ സിയേറ്റ് അംഗങ്ങൾക്ക് സംഘം നടത്തുന്ന എം ഡി എസുകളിൽ ചേരാവു ന്നതാണ്.

V. സംഘത്തിൽ നിക്ഷേപങ്ങൾ നടത്തുന്നതിനും ചിട്ടികളിൽ ചേരുന്നതിനും ആഗ്രഹിക്കുന്ന എൻ.ജി.ഒമാർക്കും 'എ 'ക്ലാസ്സ് അംഗത്വമെടുക്കാൻ താല്പ ര്യമില്ലാത്ത ഗസറ്റഡ് ഉദ്യോഗസ്ഥർക്കും 'സി' ക്ലാസ്സ് അംഗത്വം നല്കാവു ന്നതാണ്. 'സി' ക്ലാസ്സ് അംഗങ്ങൾക്ക് വോട്ടവകാശമോ 'എ' ക്ലാസ്സ് അംഗ ങ്ങൾക്കുള്ള മറ്റവകാശങ്ങളോ ഉണ്ടായിരിക്കുന്നതല്ല. 'സി' ക്ലാസ്സ് അംഗ ങ്ങൾക്ക് സംഘത്തിൽ നിക്ഷേപങ്ങൾ നടത്തുന്നതിനും, ചിട്ടികളിലും , എം ഡി എസ്സുകളിലും ചേരുന്നതിനും എം ഡി എസ്സ് വായ്പകൾക്ക് ജാമ്യം നില്ക്കുന്നതിനും മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ.

## 6 ഓഹരികൾ മടക്കി നല്കൽ

അംഗത്തിന്റെയോ അല്ലെങ്കിൽ നോമിനിയുടെയോ അപേക്ഷയിന്മേൽ ഓഹ രികൾ മടക്കി നല്കുന്നതിന് താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയ മായി ഭരണസമിതി അനുമതി നല്കേണ്ടതാണ്.

1 അയാൾ അംഗമായി ചേർന്ന് അഞ്ച് വർഷം കഴിഞ്ഞിട്ടുണ്ടെങ്കിൽ

II അംഗത്തിന് വായ്പാക്കാരനെന്ന നിലയിലോ ജാമ്യക്കാരനെന്ന നിലയിലോ അല്ലെങ്കിൽ മറ്റെന്തെങ്കിലും തരത്തിലോ സംഘത്തിലുള്ള എല്ലാ ബാദ്ധ്യത യും പൂർണ്ണമായി തീർത്തതിന് ശേഷവും, ഓഹരി മടക്കി നല്കുന്ന സമ യത്ത് എന്തെങ്കിലും ബാദ്ധ്യത നില്ക്കുന്നതായി കണ്ടെത്തിയാൽ ആയവ ഓഹരിത്തുകയിൽ നിന്നും ഈടാക്കിക്കൊണ്ട് ബാക്കിത്തുക കൈപ്പറ്റി കൊള്ളാമെന്ന് രേഖാമൂലം സംഘത്തിന് ഉറപ്പു നല്കിയിട്ടുണ്ടെങ്കിൽ.

III ഓഹരിത്തുക മടക്കി നല്കുന്നതിന് അധികാരപ്പെടുത്തിക്കൊണ്ട് ഭരണ സമിതി വ്യക്തമായ തീരുമാനം കൈക്കൊള്ളേണ്ടതാണ്.

IV എന്നാൽ ഇപ്രകാരം ഒരു വർഷം ആകെ മടക്കി നല്കുന്ന ഓഹരിത്തുക മുൻ വർഷം ജൂൺ 30ന് സംഘത്തിൽ നിലനിന്നിരുന്ന ആകെ പിരിഞ്ഞ ടഞ്ഞ ഓഹരി മൂലധനത്തിന്റെ 10%ൽ അധികരിച്ചു കൂടാത്തതാണ്.

V ഒരംഗത്തിന്റെ അംഗത്വംഅവസാനിച്ചതു കൊണ്ടോ അല്ലെങ്കിൽ ഒരു അസോ സിയേറ്റ് അംഗത്തിന്റെയോ അർഹതപ്പെട്ട ഓഹരി, ഡിവിഡന്റ് എന്നിവ

അവരിൽ നിന്നും സംഘത്തിന് ഈടാക്കുവാനുള്ള മുഴുവൻ ബാദ്ധ്യതകളും തീർത്തശേഷം 3 മാസത്തിനുള്ളിൽ അവരിൽ നിന്നോ നോമിനികളിൽ നിന്നോ ഉള്ള ഒരു ഔപചാരികമായ അപേക്ഷ ലഭ്യമാകാതെ തന്നെ മടക്കി നല്കാവുന്നതാണ്

## 7 ഓഹരി കൈമാറ്റം ചെയ്യൽ :

ഒരംഗത്തിന്റെ ഓഹരികളോ, സംഘം മൂലധനത്തിൽ അയാൾക്കുള്ള താല്പ ര്യങ്ങളോ മറ്റൊരാൾക്ക് കൈമാറുന്നതിന് അനുവാദം നല്കാൻ ഭരണസമി തിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. എന്നാൽ അപ്രകാരം അനുവാദം നല്കുന്നതിന്.

1) അംഗമോ അല്ലെങ്കിൽ അയാളുടെ നോമിനിയോ തരാതരം പോലെ അപ്രകാ രമുള്ള ഓഹരികൈമാറ്റത്തിന് അപേക്ഷ നല്കേണ്ടതും കൈമാറ്റം ചെയ്യുന്ന യാളും കൈമാറ്റം അനുവദിയ്ക്കപ്പെടേണ്ടയാളുംഅപ്രകാരമുള്ള കൈമാറ്റ ത്തിന് രേഖാമൂലം സമ്മതിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ

2) ആ അംഗത്തിന്റെ അപ്രകാരമുള്ള ഓഹരികൾ ഈ ബൈലായിലെ വകുപ്പ് 6(1) പ്രകാരമുള്ള ചുരുങ്ങിയ കാലാവധി പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ

3) ഓഹരികൈമാറ്റം നടത്തുന്ന ദിവസം ആ അംഗം സംഘവുമായുള്ള എല്ലാ ബാദ്ധ്യതകളും പൂർണ്ണമായും അടച്ചു തീർത്തിട്ടുണ്ടെങ്കിൽ

## 8 മരിച്ചു പോയ അംഗത്തിന്റെ ഓഹരി കൈമാറ്റം

എ(1) മരിച്ചുപോയ അംഗത്തിന്റെ ഓഹരി സർട്ടിഫിക്കറ്റ് അവകാശി സംഘത്തിൽ ഹാജരാക്കേണ്ടതാണ്

(2) മരിച്ചു പോയ അംഗം നിർദ്ദിഷ്ട ഫോറത്തിൽ അവകാശിയെ നാമനിർദ്ദേശം ചെയ്തിരിക്കണം

(3) തുടർന്നുള്ള നാമനിർദ്ദേശങ്ങളോ അവകാശികളെ മാറ്റി നിർണ്ണയിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയത് പ്രസ്തുത അംഗം മറ്റ് രണ്ട് അംഗങ്ങളുടെ സാക്ഷ്യപ്പെടുത്തലോടെ സാക്ഷ്യപ്പെടുത്തിനല്കേണ്ടതും ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിരിയ്ക്കേണ്ടതുമാണ്

ബി) മേൽ വ്യവസ്ഥ(എ)യിൽ വിവക്ഷിച്ച പ്രകാരം ഒരു അവകാശി മരിച്ചു പോയ അംഗത്തിന്റെ ഓഹരിയ്ക്കോ പലിശയ്ക്കോ അർഹനായാൽ സംഘം ടി മരിച്ചു പോയ അംഗത്തിന്റെ അവകാശിയ്ക്കോ അല്ലെങ്കിൽ നിയമപരമായ അവകാശികൾക്കോ തരാതരം പോലെ ബന്ധപ്പെട്ട അധികാരികളിൽ നിന്നും ആവശ്യമായ രേഖകൾ ഹാജരാക്കുന്ന മുറയ്ക്കു സംഘത്തിന്റെ ബൈലാ വ്യവസ്ഥകൾക്കുൾപ്പെട്ട് മരണമടഞ്ഞ അംഗത്തിന്റെ പേരിൽ നില്പുള്ള ഓഹരിയോ പലിശയോ നല്കേണ്ടതാണ്.

## 9 സംഘത്തിന്റെ കടങ്ങളിന്മേലുള്ള ബാദ്ധ്യത

സംഘം പ്രവർത്തനം അവസാനിക്കുന്ന സമയത്ത് സംഘത്തിന്റെ കടങ്ങ ളിന്മേൽ ഒരംഗത്തിനുള്ള പരമാവധി ബാദ്ധ്യത. അയാളെടുത്തിട്ടുള്ള ഓഹരി കൾക്ക് തുല്യമായിരിയ്ക്കുന്നതാണ്.

സംഘം പ്രവർത്തിച്ചു കൊണ്ടിരിയ്ക്കെ മരിച്ചു പോയ ഒരംഗത്തിന്റെ സംഘം കടങ്ങളിന്മേലുള്ള ബാദ്ധ്യത അപ്രകാരം അംഗമല്ലാതായിതീർന്നതു മുതൽ രണ്ട് വർഷത്തേയ്ക്ക് കൂടി തുടരുന്നതാണ്

Gazetted Officers' Co-operative Society Ltd. No. 124 Trivandrum

## 10 സംഘത്തിന്റെ ഫണ്ടുകൾ

സംഘത്തിന് സാധാരണയായി താഴെപ്പറയുന്ന മാർഗ്ഗങ്ങളിലൂടെ ഫണ്ടുകൾ സ്വരൂപിയ്ക്കാവുന്നതാണ്.

എ) ഓഹരി വില്പന

ബി) സർക്കാരിൽ നിന്നും, സഹകരണ ബാങ്കുകളും, വാണിജ്യ ബാങ്കുകളും മുഖേന അംഗങ്ങളിൽ നിന്നും സഹകരണ സംഘം രജിസ്ട്രാറുടെ അനുവാദത്തോടെ അംഗങ്ങളല്ലാത്തവരിൽ നിന്നും വായ്പകളായി

സി) അംഗങ്ങളിൽ നിന്നും അംഗങ്ങളാത്തവരിൽ നിന്നും നിക്ഷേപങ്ങളായി

ഡി) സംഭാവനകളായി

ഇ) പ്രവേശന ഫീസുൾപ്പെടെ വിവിധയിനം ഫീസുകൾ

എഫ്) സർക്കാരിൽ നിന്നോ, സഹകരണ സംഘം രജിസ്ട്രാറുടെ അനുമതിയോടെ മറ്റ് സ്ഥാപനങ്ങളിൽ നിന്നോ ഗ്രാന്റുകളായും സഹായങ്ങളായും

## 11 സംഘത്തിന്റെ കടങ്ങൾ

അംഗങ്ങളിൽ നിന്നോ അംഗങ്ങളല്ലാത്തവരിൽ നിന്നോ അല്ലെങ്കിൽ മറ്റ് മാർഗ്ഗങ്ങളായ, എൽ ഐ സി അല്ലെങ്കിൽ, സർക്കാർ അല്ലെങ്കിൽ സഹകരണ സംഘം രജിസ്ട്രാറുടെ മുന്നനുവാദത്തോടെ മറ്റ് സഹകരണ സംഘങ്ങൾ /ബാങ്കുകൾ എന്നിവിടങ്ങളിൽ നിന്നും നിക്ഷേപങ്ങളായോ വായ്പകളായോ അല്ലെങ്കിൽ മറ്റു തരത്തിലോ കടങ്ങൾ വാങ്ങുന്നതിന് സംഘത്തിന്റെ ഭരണസമിതിയ്ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

കടങ്ങൾ സ്വീകരിക്കുന്നതിനുളള ബോണ്ടുകളും പ്രമാണങ്ങളും സംഘം പ്രസിഡന്റും സെക്രട്ടറിയും ഉൾപ്പെടെ ചുരുങ്ങിയത് ഭരണ സമിതിയിലെ മൂന്നു അംഗങ്ങളെങ്കിലും ചേർന്ന് ചമച്ച് നല്കേണ്ടതാണ്.

സംഘത്തിന് വേണ്ടിയുളള എല്ലാ പ്രമാണങ്ങളും സെക്രട്ടറിയുടെ പേരിലായിരിക്കുന്നതാണ്. സംഘത്തിന് വേണ്ടിയോ സംഘത്തിനെതിരായോ ഉത്ഭവിക്കുന്ന വ്യവഹാരങ്ങളിൽ സംഘത്തെ പ്രതിനിധീകരിക്കുന്നതു സെക്രട്ടറിയായിരിക്കുന്നതാണ്.

## 12 പരമാവധി കടം കൊളളാവുന്ന പരിധി

ഏതൊരു സമയത്തും സംഘത്തിന് കൊളളാവുന്ന പരമാവധി കടം, പിരിഞ്ഞടഞ്ഞ ഓഹരിമൂലധനവും കരുതൽ ധനവും കൂടിയ തുകയുടെ 75 മടങ്ങിൽ കഴിയാൻ പാടുളളതല്ല

## 13 അംഗങ്ങൾക്ക് കൊളളാവുന്ന കടത്തിന്റെ പരിധി

എ) ഒരംഗം അടച്ചു തീർത്തിട്ടുളള ഓഹരിത്തുകയുടെ നൂറിരട്ടിയിൽ അധികരിയ്ക്കാതെ പരമാവധി 30,00,000/-( മുപ്പതു ലക്ഷം) രൂപ വരെ ഒരംഗത്തിന് കടം കൊളളാവുന്നതാണ്.

ബി) ഒരംഗത്തിന് ജാമ്യം നില്ക്കാവുന്ന തുകയുടെ പരിധി താനെടുത്തിട്ടുളള വായ്പകൾ കഴിച്ച് തനിയ്ക്ക് കൊളളാവുന്ന പരമാവധി കടത്തിന്റെ രണ്ടിരട്ടിയിൽ അധികരിച്ചു കൂടാത്തതാകുന്നു.

## 14 നിക്ഷേപങ്ങൾ

സംഘം സ്വീകരിക്കുന്ന നിക്ഷേപങ്ങൾക്കായി ആവശ്യമായ ഉപനിബന്ധനകൾ തയ്യാറാക്കി രജിസ്ട്രാറുടെ അംഗീകാരം നേടേണ്ടതാണ്.

No.
...dhum

സംഘത്തിന് രണ്ട് തരം നിക്ഷേപങ്ങൾ സ്വീകരിക്കാവുന്നതാണ്.

എ) സ്ഥിര നിക്ഷേപങ്ങൾ

ബി) സേവിംഗ്സ് നിക്ഷേപങ്ങൾ

എ) സ്ഥിര നിക്ഷേപങ്ങൾ

ഓരോ സമയത്തും നിലവിലുളള ചട്ടങ്ങൾക്ക് വിധേയമായി സ്ഥിര നിക്ഷേപങ്ങളുടെ പലിശ നിരക്ക് ഭരണസമിതി നിർണ്ണയിച്ചു നല്കുന്നതാണ്.

ബി ) സേവിംഗ്സ് നിക്ഷേപങ്ങൾ

ഭരണസമിതി കാലാകാലങ്ങളിൽ നിർണ്ണയിക്കുന്ന പലിശ നിരക്കുൾപ്പെട്ട് അംഗങ്ങൾക്ക് തങ്ങളുടെ സേവംഗ്സ് നിക്ഷേപത്തിൽ തുകകൾ നിക്ഷേപിച്ചു കൊണ്ട് മുതൽ കൂട്ടാവുന്നതാണ്.

## 15 മാനേജ്മെന്റ്

എ) സംഘാംഗങ്ങൾ അവരുടെയിടയിൽ നിന്നും നിയമാനുസരണം തെരഞ്ഞെടുക്കപ്പെടുന്ന 13, (പതിമൂന്ന്) പേരടങ്ങുന്ന ഒരു ഭരണസമിതിയിലാണ് സംഘം ഭരണം നിക്ഷിപ്തമായിട്ടുളളത്

ബി) സംഘം ഭരണസമിതിയിൽ 3 സ്ഥാനങ്ങൾ വനിതാ അംഗങ്ങൾക്കും ഒരു സ്ഥാനം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അംഗത്തിനുമായി സംവരണം ചെയ്യപ്പെട്ടിരിക്കുന്നതാണ്.

സി) വകുപ്പ് 15(ബി)ൽ എന്ത് തന്നെ പറഞ്ഞിരുന്നാലും ഭരണസമിതിയിൽ സംവരണം ചെയ്യപ്പെടാത്ത സ്ഥാനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നതിന് വനിതാ അംഗങ്ങൾക്കോ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അംഗങ്ങൾക്കോ അതൊന്നും തടസ്സമായിരിക്കുന്നതല്ല.

## 16 ഭരണസമിതി

I ഭരണസമിതി അവരുടെയിടയിൽ നിന്നും രഹസ്യ ബാലറ്റ് മുഖേന തെരഞ്ഞെടുക്കപ്പെട്ട ഒരു പ്രസിഡന്റ്, വൈസ്പ്രസിഡന്റ്, സെക്രട്ടറി എന്നി വരടങ്ങുന്നതായിരിക്കും

II സംഘം ഭരണസമിതിയുടെ കാലാവധി ചാർജ്ജെടുക്കുന്ന തീയതി മുതൽ 5 (അഞ്ച്) വർഷമായിരിക്കുന്നതാണ്.

III ഭരണസമിതി കുറഞ്ഞത് മാസത്തിൽ ഒരു തവണയെങ്കിലും കൂടിയിരിയ്ക്കേണ്ടതാണ്. യോഗം ചേരുന്നതിന് മൂന്ന് ദിവസത്തെ വ്യക്തമായ നോട്ടീസ് നല്കിയിരിയ്ക്കേണ്ടതാണ്. യോഗത്തിന്റെ ക്വാറം 7 (ഏഴ്)) ആയി രിക്കുന്നതാണ്

IV ഒരു ഭരണസമിതിഅംഗം മതിയായ കാരണങ്ങളില്ലാതെ തുടർച്ചയായി 3 (മൂന്ന്) ഭരണസമിതിയോഗങ്ങളിൽ പങ്കെടുക്കാത്ത പക്ഷം അക്കാരണത്താൽ ടിയാളുടെ ഭരണസമിതി അംഗത്വം അവസാനിച്ചു പോകുന്നതാണ്. എന്നാൽ പ്രസ്തുത അംഗത്തിന്റെ കാര്യകാരണ സഹിതമുളള വിശദീകരണം ലഭ്യമാകുകയാണെങ്കിൽ മേൽ ഹാജരില്ലായ്മയ്ക്ക് മാപ്പ് നല്കുന്നതിന് ഭരണസമിതിയ്ക്ക് അധികാരമുണ്ടായിരിക്കുന്നതാണ് . എന്നാൽ ഇപ്രകാരം ഒരംഗത്തിന് ഭരണസമിതി കാലാവധിയ്ക്കുളളിൽ രണ്ടു തവണയിൽ കൂടുതൽ മാപ്പ് ലഭിയ്ക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നതല്ല. ഇപ്രകാരം പുറത്തു പോകുന്ന അംഗങ്ങൾക്ക് വീണ്ടും

No. 424
Trivandrum

നിയമാനുസരണ തെരഞ്ഞെടുക്കപ്പെടുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

V പൊതുയോഗം കാലാകാലങ്ങളിൽ കൈക്കൊള്ളുന്ന തീരുമാനങ്ങൾക്കും അതു പ്രകാരം ഈ നിയമാവലിയിൽ വ്യക്തമാക്കപ്പെട്ടിട്ടുള്ളതുമായ നിബന്ധനകൾക്ക് ഉൾപ്പെട്ട് കാര്യ നിർവ്വഹണം നടത്തുന്നതിനുള്ള ചുമതല ഭരണ സമിതിയിൽ നിക്ഷിപ്തമാക്കപ്പെട്ടിരിക്കുന്നു.

സംഘത്തിലെ ഉദ്യോഗസ്ഥരിൽ പത്ത് ശതമാനം ഉദ്യോഗങ്ങൾ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കായി സംവരണം ചെയ്യപ്പെട്ടിരിക്കുന്നു.

എ) സഹകരണ നിയമത്തിലെ ചട്ടങ്ങൾക്കും സഹകരണ സംഘം രജിസ്ട്രാറുടെ കാലാകാലങ്ങളിലുള്ള നിർദ്ദേശങ്ങൾക്കും വിധേയമായി സംഘം കണക്കുക ളും രജിസ്റ്ററും സൂക്ഷിക്കുക

ബി) രജിസ്ട്രാറുടെ ആഡിറ്റ് സർട്ടിഫിക്കറ്റ് അല്ലെങ്കിൽ പരിശോധനാ റിപ്പോർട്ട് എന്നിവ സംഘത്തിന്റെ പൊതുയോഗ മുമ്പാകെയോ അംഗങ്ങളുടെ മുമ്പാകെയോ അവ ലഭിച്ച് ഒരു മാസത്തിനുളളിൽ വയ്ക്കുക.

സി) രജിസ്ട്രാർ അംഗീകരിച്ചു നല്കിയിട്ടുള്ള പ്രത്യേക സർവ്വീസ് നിബന്ധനകൾക്ക് വിധേയമായി ഉദ്യോഗസ്ഥരെ നിയമിക്കുക, പിഴചുമത്തുക, സസ്പെന്റ് ചെയ്യുക അല്ലെങ്കിൽ പിരിച്ചു വിടുക

ഡി) ഉദ്യോഗസ്ഥരുടെ ചുമതലകൾ നിർണ്ണയിച്ച് നല്കുക, ശമ്പളവും അലവൻസുകളും നിർണ്ണയിക്കുക

ഇ) സംഘത്തിന്റെ എല്ലാ കാര്യങ്ങളിലും മേൽനോട്ടം വഹിക്കുകയും നിയന്ത്രിക്കുകയും ചെയ്യുക.

എഫ്) സംഘത്തിന്റെ പ്രവർത്തനം സുഗമമായി മുന്നോട്ട് കൊണ്ടു പോകുന്നതിന് ആവശ്യമുളള പക്ഷം ബൈലാ വ്യവസ്ഥകൾക്ക് വിധേയമായി ചട്ടങ്ങൾ നിർമ്മിച്ച് പ്രാബല്യത്തിൽ വരുത്തുക.

ജി) സംഘത്തിന്റെ സ്ഥാവര/ജംഗമ സ്വത്തുക്കൾ പരിപാലിക്കുക.

എച്ച്) ഭരണസമിതിക്കോ സെക്രട്ടറിക്കോ സൗകര്യപ്രദമായി കാര്യനിർവ്വഹണം സാദ്ധ്യമാകുന്നില്ലെങ്കിൽ അത്തരം ബിസിനസുകൾ നടത്തുന്നതിനായി സബ് കമ്മിറ്റികളെ നിയോഗിക്കുക.

ഐ) സഹകരണ നിയമത്തിനും പൊതുയോഗം അംഗീകരിച്ച ബഡ്ജറ്റിനും വിധേയമായി ആഫീസ് ജീവനക്കാരുടെ ശമ്പള നിരക്കുകൾ നിർണ്ണയിക്കുക. സ്ഥാപനത്തിന്റെ സുഗമമായ നടത്തിപ്പിനായി മേൽ ശമ്പള നിരക്കുകൾക്ക് വിധേയമായി അത്തരം ചെലവുകൾ നിർവ്വഹിക്കുക.

ജെ) രജിസ്ട്രാറുടെ അംഗീകാരത്തിനു വിധേയമായി ആഫീസ് ജീവനക്കാരുടെ സെക്യൂരിറ്റി തുകയും അതിന്റെ സ്വഭാവവും നിർണ്ണയിക്കുക

കെ) അംഗീകരിക്കപ്പെട്ട നിബന്ധനകൾക്ക് വിധേയമായി സംഘത്തിൽ നിന്നും കാലാകാലങ്ങളിൽ വിതരണം ചെയ്യുന്ന വായ്പകൾ അനുവദിക്കുകയും ഓരോ തരം വായ്പകൾക്കും ഈടാക്കേണ്ട പലിശ നിരക്ക് നിർണ്ണയിച്ചു നല്കുകയും ചെയ്യുക

No. 134
Trivandrum

എൽ) വില നല്കിയോ അല്ലെങ്കിൽ സർക്കാരിൽ നിന്നോ മറ്റേതെങ്കിലും മാർഗ്ഗത്തിലോ, സംഭാവനയായോ വസ്തു കരസ്ഥമാക്കുക . അവയെ ഹൗസ് പ്ലോട്ടുകളായി തിരിച്ച് സംഘം നിർണ്ണയിച്ചിട്ടുളള വ്യവസ്ഥകൾക്ക് വിധേയമായി അംഗങ്ങൾക്ക് വിലപ്ന നടത്തുക

എം) തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിലേക്കും മറ്റ് സ്ഥാപനങ്ങളിലേക്കും അവയുടെ ഭരണസമിതി തെരഞ്ഞെടുപ്പിനായി പ്രതിനിധികളെ നിയോഗിക്കുക

എൻ) സംഘത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനും സുഗമമായ ഭരണ നടത്തിപ്പിനുമായി ആവശ്യമായ മറ്റ് പ്രവർത്തനങ്ങൾ നടത്തുക.

## 17 <u>സംഘം ഭരണാധികാരികൾ</u>

എ) സംഘം ഭരണസമിതി സമയാസമയങ്ങളിൽ കൈക്കൊളളുന്ന തീരുമാനങ്ങൾക്ക് വിധേയമായി സംഘം ഭരണാധികാരികൾക്ക് താഴെപ്പറയുന്ന തരത്തിൽ അധികാരം നിർണ്ണയിച്ചിരിക്കുന്നു

ബി) <u>പ്രസിഡന്റ്</u>

സംഘത്തിന്റെ പൊതുവായ നിയന്ത്രണവും മേൽനോട്ടവും പ്രസിഡന്റിനായിരിക്കുന്നതാണ്.

സി) <u>വൈസ് പ്രസിഡന്റ്</u>

പ്രസിഡന്റിന്റെ അഭാവത്തിൽ അദ്ദേഹത്തിൽ നിക്ഷിപ്തമാക്കപ്പെട്ട എല്ലാ ചുമതലകളും വൈസ്പ്രസിഡന്റിനായിരിക്കുന്നതാണ്.

ഡി) <u>സെക്രട്ടറി</u>

സംഘത്തിന്റെ പ്രധാന ഭരണകാര്യ നിർവ്വഹണോദ്യോഗസ്ഥൻ സെക്രട്ടറിയായിരിക്കും സംഘത്തിന് വേണ്ടി എഴുത്തുകുത്തുകൾ നടത്തേണ്ട ചുമതല സെക്രട്ടറിയ്ക്കായിരിക്കും

I സംഘത്തിന് വേണ്ടി എല്ലാ കൊടുക്കൽ വാങ്ങലുകളും സെക്രട്ടറി നടത്തേണ്ടതാണ്.

II സംഘത്തിന്റെ പ്രവർത്തനം സുഗമമായി നടത്തി കൊണ്ടു പോകുന്നതിന് ആവശ്യമെങ്കിൽ ഒരു സമയം 50/-(അൻപത്) രൂപയിൽ കവിയാത്ത ആകസ്മിക ചെലവുകളോ അനാമത്ത് ചെലവുകളോ ചെയ്യുന്നതിന് സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

III സംഘം ഹെഡാഫീസിൽ 5,00,000/-(അഞ്ച് ലക്ഷം) രൂപയിലും തിരുവനന്തപുരം പബ്ലിക് ആഫീസിൽ പ്രവർത്തിക്കുന്ന എക്സ്റ്റൻഷൻ കൗണ്ടറിൽ 1,00,000/-(ഒരു ലക്ഷം) രൂപയിലും ഓരോ ബ്രാഞ്ച് ആഫീസിലും 3,00,000/-(മൂന്ന് ലക്ഷം)രൂപയിലും അധികരിച്ചുളള നീക്കിയിരിപ്പ് തുക ജില്ല സഹകരണ ബാങ്കിലോ സംസ്ഥാന സഹകരണ ബാങ്കിലോ നിക്ഷേ പിയ്ക്കേണ്ടതാണ്

IV ഭരണസമിതി നിഷ്ക്കർഷിച്ചിട്ടുളള നിയന്ത്രണങ്ങൾക്ക് വിധേയമായി സംഘത്തിലെ ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്യാനോ ഉദ്യോഗസ്ഥരിൽ നിന്നും പിഴയീടാക്കാനോ സെക്രട്ടറിയ്ക്കധികാരമുണ്ടായിരിക്കുന്നതാണ്

ഇ) സംഘത്തിന്റെ ബാങ്കിടപാടുകൾ പ്രസിഡന്റും സെക്രട്ടറിയും ചേർന്ന് സംയുക്തമായി നടത്തേണ്ടതാണ്.

## 18 ഭരണസമിതി അംഗങ്ങൾക്കുള്ള പ്രതിഫലം

സംഘം ഭരണസമിതിയുടെ പ്രവർത്തനം പ്രതിഫലേച്ഛയില്ലാതെയായിരിക്കുന്നതാണ്. എന്നാൽ പ്രസിഡന്റിനും സെക്രട്ടറിയ്ക്കും അവരിൽ നിക്ഷിപ്തമാക്കപ്പെട്ട ഉത്തരവാദിത്വങ്ങളും ജോലികളും, അതിനു വേണ്ടി വരുന്ന യാത്രകളും പരിഗണിച്ച് കാലാകാലം പൊതുയോഗം അംഗീകരിച്ച് രജിസ്ട്രാറുടെ അംഗീകാരത്തിന് വിധേയമായി, ചില്ലറ ചെലവുകളും യാത്രകളും നടത്തുന്നതിനായി ഹോണറേറിയം (മാസവേതനം) നല്കാവുന്നതാണ്. ഭരണസമിതി അംഗങ്ങൾക്ക് ഭരണസമിതിയിൽ പങ്കെടുക്കുന്നതിനും അല്ലെങ്കിൽ സംഘത്തിന് വേണ്ടി ജോലി ചെയ്യേണ്ടി വരുന്ന അവസരങ്ങളിലും സഹകരണ സംഘം രജിസ്ട്രാറുടെ അംഗീകാരത്തിന് വിധേയമായി റ്റി. എ യും ഡി എയും നല്കാവുന്നതാണ്.

## 19 പൊതുയോഗം

1 സംഘത്തിന്റെ ഭരണകാര്യങ്ങളിലുള്ള പരമാധികാരം അംഗങ്ങളുടെ പൊതുയോഗത്തിനായിരിക്കും.സംഘം കാര്യാദികൾ നടത്തുന്നതിനായി പൊതുയോഗം വർഷത്തിൽ കുറഞ്ഞത് ഒരു തവണയെങ്കിലും എന്നതിന് വിധേയമായി കാലാകാലങ്ങളിൽ വിളിച്ചു കൂട്ടേണ്ടതാണ്. മറ്റ് കാര്യങ്ങൾ കൂടാതെ താഴെപ്പറയുന്ന സംഗതികളും പൊതുയോഗത്തിന്റെ ചുമതലയായിരിക്കു ന്നതാണ്.

എ) വാർഷിക റിപ്പോർട്ടും കണക്കുകളും ബജ്ഡറ്റും

ബി) രജിസ്ട്രാർ അംഗീകരിച്ചു നല്കിയിട്ടുള്ള വാർഷിക ആഡിറ്റ് സർട്ടിഫിക്കറ്റ്

സി) നിലവിലുള്ള നിയമാവലിയിൽ ഭേദഗതികളോ നിരാകരിയ്ക്കലുകളോ വരുത്തുക

ഡി) ഒരു ഭരണസമിതി അംഗത്തെയോ , അംഗത്തെയോ സംഘാംഗത്വത്തിൽ നിന്ന് പുറന്തള്ളുക

ഇ) സർക്കാരും രജിസ്ട്രാറും നിഷ്ക്കർഷിച്ചിട്ടുള്ള കണക്കു പത്രികകൾ (റിട്ടേൺസ്) തയ്യാറാക്കി അംഗീകരിക്കുക.

എഫ്) സംഘത്തെ ധനകാര്യ ബാങ്കുമായും സർക്കിൾ സഹകരണ യൂണിയനുമായും അഫിലിയേറ്റ് ചെയ്യുക.

ജി) സംഘം ഭരണസമിതിയെ തെരഞ്ഞെടുക്കുക

2 സംഘം പ്രവർത്തനം സുഗമമായി നടത്തിക്കൊണ്ട് പോകുന്നതിന് അനിവാര്യമെന്ന് തോന്നുമ്പോൾ സംഘത്തിന്റെ പൊതുയോഗം ഭരണസമിതി വിളിച്ചു കൂട്ടേണ്ടതാണ്. സംഘത്തിലെ അംഗങ്ങളുടെ 20 ശതമാനമോ അതിലധികമോ അല്ലെങ്കിൽ 50 അംഗങ്ങളോ അതിലധികമോ അല്ലെങ്കിൽ രജിസ്ട്രാറുടെ നിർദ്ദേശ പ്രകാരമോ പൊതുയോഗം ഭരണസമിതി വിളിച്ചു കൂട്ടേണ്ടതാണ് ,

3 സംഘം പൊതുയോഗത്തിൽ പങ്കെടുക്കേണ്ടത് ഓരോ അംഗത്തിന്റെയും അവകാശവും കർത്തവ്യവുമായിരിക്കുന്നതാണ്

4 പൊതുയോഗത്തിന്റെ കോറം 30 അല്ലെങ്കിൽ തത്സമയം നിലവിലുള്ള ആകെ അംഗങ്ങളുടെ അഞ്ചിലൊന്ന്(1/5) ഏതാണോ കുറവ് അതായിരിക്കുന്നതാണ്

5 പ്രസിഡന്റ് ഹാജരുള്ളപ്പോൾ പൊതുയോഗത്തിലും ഭരണസമിതി യോഗത്തിലും അദ്ധ്യക്ഷത വഹിയ്ക്കേണ്ടതാണ്. പ്രസിഡന്റിന്റെ അഭാവത്തിൽ ഈ ചുമതല വൈസ്പ്രസിഡന്റിനായിരിക്കും. ഇരുവരുടെയും അഭാവത്തിൽ ഒരു അദ്ധ്യക്ഷനെ തെരഞ്ഞെടുക്കേണ്ടതാണ്. പൊതുയോഗത്തിൽ പങ്കെടുക്കുന്ന ഓരോ അംഗത്തിനും ഒരു വോട്ടിന് മാത്രം അവകാശമുണ്ടായിരിക്കുന്നതാണ്. ഉന്നയിയ്ക്കപ്പെടുന്ന ചോദ്യങ്ങളെല്ലാം ഭൂരിപക്ഷം വോട്ടിന്റെ അടിസ്ഥാനത്തിൽ നിശ്ചയിയ്ക്കപ്പെടുന്നതാണ്. വോട്ടുകൾ തുല്യമായി വന്നാൽ അദ്ധ്യക്ഷന് ഒരു കാസ്റ്റിംഗ് വോട്ട് കൂടി ചെയ്യാവുന്നതാണ്.

6(എ) സാധാരണയായി ഒരു പൊതുയോഗം കൂടുന്നതിന് 7 ദിവസത്തെ നോട്ടീസ് അംഗങ്ങൾക്ക് നല്കേണ്ടതാണ്. എന്നാൽ അത്യാവശ്യ ഘട്ടങ്ങളിൽ അത്യാവശ്യ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനായി പൊതുയോഗം കൂടാവുന്നതാണ്. അത്തരം പൊതുയോഗങ്ങൾക്ക് 3 ദിവസത്തെ നോട്ടീസ് മതിയാകുന്നതാണ്.

ബി) പൊതുയോഗം കൂടുന്നതിനുള്ള നോട്ടീസ് തപാൽ വഴിയോ അല്ലെങ്കിൽ സംസ്ഥാന വ്യാപകമായി പ്രചാരമുള്ള രണ്ട് മലയാള പത്രങ്ങളിൽ പരസ്യം നല്കിയും അംഗങ്ങളെ അറിയിക്കാവുന്നതാണ്.

## 20 സംഘത്തിൽ നിന്നോ ഭരണസമിതിയിൽ നിന്നോ അംഗങ്ങളെ പുറന്തള്ളൽ

1) ഏതെങ്കിലും ഒരംഗം സംഘത്തിനെ ഏതെങ്കിലും തരത്തിൽ കബളിപ്പിയ്ക്കുകയോ അല്ലെങ്കിൽ ഒരംഗത്തിന്റെ പൊതുസ്വഭാവം കൊണ്ട് അയാളെ സംഘാംഗത്വത്തിൽ നിന്നും മാറ്റുന്നതാണ് സംഘത്തിന്റെ നിലനിൽപ്പിന് ഉത്തമമെന്ന് ബോദ്ധ്യപ്പെടുകയോ ചെയ്യുന്ന പക്ഷം പൊതുയോഗത്തിൽ പങ്കെടുക്കുന്ന അംഗങ്ങളുടെ 2/3 ഭാഗം അംഗങ്ങളുടെ സമ്മതത്തോടെ അയാളെ സംഘാംഗത്വത്തിൽ നിന്നും പുറന്തള്ളുന്നതിന് പൊതുയോഗത്തിന് അവകാശമുണ്ടായിരിക്കുന്നതാണ്, എന്നാൽ ഇങ്ങനെ പുറത്താക്കുന്നതിന് മുമ്പ് ആ അംഗത്തിന് തന്റെ ഭാഗം പറയാനുള്ള അവസരം നല്കേണ്ടതാണ്

2 മേൽ പ്രകാരം തന്നെ ഒരു ഭരണസമിതി അംഗത്തെയോ അല്ലെങ്കിൽ ഭരണസമിതിയെ ആകെത്തന്നെയോ മേൽ പ്രകാരം മാറ്റുന്നതിന് പൊതുയോഗത്തിന് തീരുമാനിയ്ക്കാവുന്നതാണ് . എന്നാൽ ഇപ്രകാരം മാറ്റുന്നതിനുള്ള അജണ്ടയോടു കൂടിയ നോട്ടീസ് 15 ദിവസം മുമ്പായി അംഗങ്ങൾക്ക് നല്കിയിരിക്കണം സംഘത്തിൽ കുടിശ്ശികക്കാരല്ലാത്ത ചുരുങ്ങിയത് ഇരുപത് അംഗങ്ങളുടെയെങ്കിലും രേഖാമൂലമുള്ളതും വ്യക്തമായ കാരണങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതുമായ അപേക്ഷയിന്മേൽ ഇപ്രകാരമുള്ള പൊതുയോഗം വിളിച്ചു കൂട്ടാവുന്നതാണ്

3 പുറത്താക്കപ്പെടുന്ന അംഗത്തിന് സംഘത്തിൽ നിന്നും അയാൾക്ക് ചെല്ലേണ്ടതായ എല്ലാ തുകകളും അയാളിൽ നിന്നും സംഘത്തിലേക്ക് ഈടാക്കേണ്ട എല്ലാ കുടിശ്ശികകളും കുറച്ച ശേഷം തിരികെ നല്കേണ്ടതാണ്

ഒരംഗം സംഘത്തിൽ നിന്നും ലഭിയ്ക്കേണ്ടതായ തുക ഈടാക്കി കിട്ടുന്നതിനായി സംഘത്തിനെതിരെകോടതിയിൽ വ്യവഹാരം നല്കുന്ന പക്ഷം അക്കാരണത്താൽതന്നെ അയാളെ സംഘാംഗത്വത്തിൽ നിന്നും പുറന്തള്ളാവുന്നതാണ്. പുറത്താക്കപ്പെടുന്ന ഒരംഗത്തിന് അയാൾ സംഘാംഗത്വത്തിൽ നിന്നും പുറത്താക്കുന്ന ദിവസം നിലനിൽക്കുന്ന സംഘം ബാദ്ധ്യതകൾക്ക് ഈ ബൈലാ വകുപ്പ് 9-ൽ പ്രതിപാദിച്ചിട്ടുള്ള തരത്തിൽ നിലനില്പുണ്ടായിരിക്കുന്നതാണ്.

## 21 വായ്പകൾ അനുവദിയ്ക്കൽ

എ) താഴെപ്പറയുന്ന കാര്യങ്ങൾക്കായി മാത്രം വായ്പകൾ അനുവദിയ്ക്കാവുന്നതാണ്.

1. നികുതി അടയ്ക്കുന്നതിന്
2) മുൻകടങ്ങൾ വീട്ടുന്നതിന്
3) ചികിത്സാചെലവുകൾക്കും ആചാരപരമായ ചെലവുകൾക്കും
4) വിവാഹാവശ്യത്തിന് അല്ലെങ്കിൽ വിദ്യാഭ്യാസ ആവശ്യത്തിന്
5) വീട്ടുപകരണങ്ങളോ യന്ത്രസാമഗ്രികളോ വാങ്ങുന്നതിന്
6) സ്ഥലമോ, വീടോ വാങ്ങുന്നതിന്
7) വീടിന്റെ അറ്റകുറ്റപ്പണികൾക്കായി
8) വാഹനങ്ങൾ വാങ്ങുന്നതിന്

വായ്പകൾ അംഗങ്ങൾക്ക് മാത്രമേ നല്കാൻ പാടുള്ളൂ. എന്നാൽ ഏതൊരംഗത്തിനും വായ്പ ഒരവകാശമായി ഉന്നയിക്കാവുന്നതല്ല.

വായ്പാപേക്ഷകൾ നിശ്ചിത ഫാറത്തിൽ തയ്യാറാക്കി സെക്രട്ടറിയ്ക്ക് സമർപ്പിക്കേണ്ടതാണ്, സെക്രട്ടറി ഈ അപേക്ഷകൾ ഭരണസമിതിയുടെ പരിഗണനയ്ക്കും തീർപ്പിനുമായി കമ്മിറ്റി മുമ്പാകെ വയ്ക്കേണ്ടതാണ്.

ബി) ഒരംഗത്തിന് വായ്പ അനുവദിയ്ക്കുന്നതിനു മുമ്പായി അംഗം മതിയായ ജാമ്യം നല്കിയിട്ടുണ്ടെന്ന് ഭരണസമിതി ബോദ്ധ്യപ്പെടേണ്ടതാണ് . താഴെപ്പറയുന്നവയുടെ ജാമ്യത്തിൽ മേൽ വായ്പകൾ അനുവദിയ്ക്കാവുന്നതാണ്

I സംഘത്തിലുള്ള സ്ഥിര നിക്ഷേപത്തിന്റെ ഉറപ്പിന്മേൽ

II വായ്പാക്കാരന്റെയും സംഘത്തിലെ മറ്റ് രണ്ട് അംഗങ്ങളുടെയും ജാമ്യകടപ്പത്രങ്ങളിന്മേൽ

III എൽ ഐ സി പോളിസികളുടെ പോളിസി തുകയുടെ ഉറപ്പിന്മേൽ അല്ലെങ്കിൽ ' ഗിൽറ്റ് എഡ്ജഡ് ' സെക്യൂരിറ്റികളുടെ ഉറപ്പിന്മേൽ

IV അക്കോമഡേഷൻ വായ്പകൾ, വായ്പാക്കാരന്റെ സ്വന്തം ഉറപ്പിന്മേൽ

V സ്ഥാവര വസ്തുക്കളുടെ അല്ലെങ്കിൽ വാഹനങ്ങളുടെ ഉറപ്പിന്മേൽ 5 ലക്ഷം രൂപയിൽ കവിഞ്ഞ സ്പെഷ്യൽ വായ്പകൾക്ക് സ്ഥാവര വസ്തുവിന്റെയോ വസ്തുവും കെട്ടിടവും ഉൾപ്പെടെയോ അല്ലെങ്കിൽ വാഹനങ്ങളുടെയോ പാർശ്വിക (collateral) ജാമ്യവും ഇതിലുൾപ്പെടുന്നതാണ്. 5 ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് നിലവിലുള്ള രീതിയിലുള്ള ജാമ്യവ്യവസ്ഥകൾ തന്നെ തുടരുന്നതാണ്.

VI രജിസ്ട്രാറുടെ അംഗീകാരത്തിന് വിധേയമായി ഭരണസമിതി കാലാകാലങ്ങളിൽ മതിയായ ജാമ്യമെന്ന് നിശ്ചയിക്കുന്ന മറ്റേതൊരു ഉറപ്പിന്മേലും

No 414
Trivandrum

സ്ഥിര നിക്ഷേപങ്ങളുടെ നിക്ഷേപതുകയുടെ 90 ശതമാനം വരെ
വായ്പകൾ നല്കാവുന്നതാണ്. വാഹനങ്ങളുടെ ജാമ്യത്തിന്മേൽ അവ
യുടെ മാർക്കറ്റ് വിലയുടെ 60ശതമാനം വായ്പയായി നല്കാവുന്നതാണ്.
എൽ ഐ സി പോളിസികളുടെ പോളിസി തുകയുടെയും 'ഗിൽറ്റ്
എഡ്ജ്ഡ്' സെക്യൂരിറ്റികളുടെയും 60 ശതമാനത്തിലധികരിയ്ക്കാതെയും
വായ്പകൾ അനുവദിയ്ക്കാവുന്നതാണ്.

സി) വായ്പകളുടെ തിരിച്ചടവ് നിശ്ചയിക്കുന്നത് ആകെ വായ്പത്തുകയും അതി
മേലുള്ള പലിശയും മറ്റെന്തെങ്കിലും തുകകൾ വരാനുണ്ടെങ്കിൽ അവയും
പൂർണ്ണമായും വായ്പക്കാരൻ സർവ്വീസിൽ നിന്നും പെൻഷനാകുന്ന കാലാ
വധിയ്ക്ക് മുമ്പായി അടഞ്ഞു തീരത്തക്ക തരത്തിലോ അല്ലെങ്കിൽ അഞ്ച്
വർഷത്തിനുള്ളിലോ ഏതാണോ ആദ്യം വരുന്നത് അതായിരി യ്ക്കുമെന്ന
തരത്തിലായിരിക്കുന്നതാണ്

ഡി) വായ്പയും പലിശയും അതിന്റെ തിരിച്ചടവിനായി നിശ്ചയിക്കപ്പെട്ടിട്ടുള്ള
കാലാവധിയ്ക്കുള്ളിൽ തന്നെ പ്രതിമാസ തവണകളായി തിരിച്ചടച്ചിരിയ്ക്കേ
ണ്ടതാണ്. ആദ്യ പ്രതിമാസത്തവണ ജാമ്യകടപ്പത്രം നല്കി 30 ദിവസം
കഴിയുമ്പോൾ തിരിച്ചടവ് കാലാവധിയെത്തുന്നതാണ്. നിശ്ചിത തിരിച്ചടവ്
കാലാവധിയെത്തുന്ന ദിവസം അവധിയാണെങ്കിൽ അടുത്ത ആഫീസ്
തുറക്കുന്ന ദിവസമായിരിക്കും തിരിച്ചടവ് തീയതിയായി കണക്കാക്കപ്പെ
ടുന്നത്. തുടർന്നുള്ള തിരിച്ചടവ് വരും മാസങ്ങളിലെ സദൃശമായ ദിവസ
ങ്ങളിലായിരിക്കും. അംഗം ഓരോ മാസവും നിശ്ചിത തീയതിയിലോ
അതിന് മുമ്പായോ തന്റെ വായ്പാ തവണകൾ അടച്ചിരിക്കണം, അംഗത്തിന്
അയാളുടെ /അവരുടെ തീരുമാന പ്രകാരം വായ്പാത്തുക മാസത്തവണ
കളായോ അല്ലെങ്കിൽ ഒന്നായോ അടച്ചു തീർക്കാവുന്നതാണ്.

ഇ) ഓരോതരം വായ്പയുടെയും തിരിച്ചടവ് കാലാവധി സാധാരണയായി ഭര
ണസമിതി നിർണ്ണയിയ്ക്കുന്നതാണ്. എന്നാൽ ന്യായമായ കാരണങ്ങളാൽ
ഒരു വായ്പയുടെ കാലാവധി പരമാവധി ഒരു വർഷം വരെ ദീർഘിപ്പിച്ചു
നല്കുന്നതിന് ഭരണസമിതിയ്ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

എഫ്) വിതരണം ചെയ്യപ്പെടുന്ന ഓരോ തരം വായ്പയുടെയും പലിശ നിരക്ക്
ആ വായ്പയുടെ സ്വഭാവവും അത് നല്കുന്നതിന് ലഭ്യമാക്കിയിട്ടുള്ള
ഫണ്ടിന്റെ സ്രോതസ്സും കണക്കിലെടുത്തു കൊണ്ട് ഭരണസമിതിയുടെ
തീരുമാന പ്രകാരം നിർണ്ണയിച്ചു നല്കേണ്ടതാണ്.. ഈ പലിശ നിരക്ക്
സാധാരണ ഗതിയിൽ ഈ വായ്പാത്തുക സ്വരൂപിക്കുന്നതിന് സംഘം
കൊടുക്കേണ്ടി വരുന്ന പലിശ നിരക്കിന്റെ 20 ശതമാനത്തിലധികരിയ്ക്കാൻ
പാടുള്ളതല്ല

ജി) ഓരോ തവണ തിരിച്ചടവ് തീയതിയിലും അതിന്മേൽ ജനിക്കുന്ന പലിശ
കണ ക്കാക്കി ഈടാക്കേണ്ടതാണ്

എച്ച്) വായ്പാക്കാരനായ അംഗം വായ്പാത്തവണ തിരിച്ചടയ്ക്കന്നതിന് കുടിശ്ശിക
വരുത്തുന്ന പക്ഷം സംഘം പ്രസ്തുത അംഗം ജോലി ചെയ്യുന്ന ആഫീസ്
അധികാരികളോട് ടിയാന്റെ ശമ്പളത്തിൽ നിന്നും സംഘം വായ്പയിലെ
കുടിശ്ശിക തുക ഈടാക്കുന്നതിനും അങ്ങനെ ഈടാക്കുന്ന തുക
സംഘത്തി ലേയ്ക്ക് അടയ്ക്കുന്നതിനും അപേക്ഷിക്കേണ്ടതാണ്.

ഐ) ഏതെങ്കിലും ഒരംഗത്തിന്റേയോ, മരിച്ചു പോയ അംഗത്തിന്റെ പേരിൽ സംഘത്തിലുള്ള ഓഹരിത്തുക നിക്ഷേപങ്ങൾ, മറ്റെന്തെങ്കിലും തുകകളുണ്ടെങ്കിൽ അവയും സംഘത്തിലേക്ക് പ്രസ്തുത അംഗമോ മരിച്ചു പോയ അംഗമോ ഒടുക്കാനുള്ള കുടിശ്ശിക ഈടാക്കുന്നതിന് ആദ്യ ചാർജ്ജുണ്ടായിരിക്കുന്നതാണ്. മേൽ പ്രകാരമുള്ള ഓഹരിത്തുക, നിക്ഷേപങ്ങൾ, മറ്റ് തുകകൾ ,എന്നിവയ്ക്ക് ബന്ധപ്പെട്ട കുടിശ്ശികക്കാരന്റെ കുടിശ്ശിക തീർക്കുന്നതിന് മൊത്തമായോ അല്ലെങ്കിൽ അതിലൊരു ഭാഗമോ വകയിരുത്തുന്നതിന് സംഘത്തിന് അവകാശമുണ്ടായിരിക്കുന്നതാണ് .

ജെ) ഒരംഗം സംഘത്തിലടയ്ക്കാനുള്ള തുകകൾ അടയ്ക്കുമ്പോൾ അവ താഴെപ്പറയുന്ന തരത്തിൽ വരവ് വയ്ക്കേണ്ടതാണ്. ഫീസുകൾ, പോസ്റ്റൽ ചെലവുകൾ, മറ്റ് അനാമത്തു ചെലവുകൾ എന്നിവ ആദ്യമായി

രണ്ടാമതായി പലിശയിലേക്ക്

മൂന്നാമതായി വായ്പയിലേക്ക്

കെ) സംഘത്തിൽ നിന്നും നല്കപ്പെട്ട ഏതെങ്കിലും ഒരു വായ്പ ദുരുപയോഗം ചെയ്യപ്പെട്ടുവെന്ന് ഭരണസമിതിയ്ക്ക് ബോദ്ധ്യപ്പെട്ടാൽ പ്രസ്തുത വായ്പാ തിരിച്ചടവ് കാലാവധി കഴിയുന്നതിന് കാക്കാതെ തന്നെ വായ്പയും അതിനോടുള്ള പലിശയും തിരിച്ചീടാക്കാനുള്ള നടപടികൾ ഉടനടി ഭരണസമിതി കൈക്കൊള്ളേണ്ടതാണ്.

എൽ) ഒരംഗം തന്റെ വായ്പാത്തവണകൾ ഒരു തവണപോലും മുടക്കം വരുത്താതെ കൃത്യമായി തിരിച്ചടയ്ക്കുന്ന പക്ഷം വായ്പ അടച്ചു തീരുന്ന സമയത്ത് ആ വായ്പയ്ക്ക് നിശ്ചയിയ്ക്കപ്പെട്ടിട്ടുള്ള പലിശ നിരക്കിൽ നിന്നും ഒരു ശതമാനം റിബേറ്റ് അനുവദിയ്ക്കാവുന്നതാണ്.

## 22 വിവിധ തരം വായ്പകൾ

### എ) സ്പെഷ്യൽ വായ്പകൾ

കെട്ടിടത്തോടു കൂടിയതോ അല്ലാത്തതോ ആയ വസ്തു വാങ്ങുക, കെട്ടിടം നിർമ്മിക്കുക അല്ലെങ്കിൽ അവയുടെ അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുക അല്ലെങ്കിൽ യാത്രാ വാഹനങ്ങൾ വാങ്ങുക എന്നീ ദീർഘകാല ആവശ്യങ്ങൾ നിറവേറ്റുന്നതായി അംഗങ്ങൾക്ക് വിതരണം ചെയ്യുന്നതിനുദ്ദേശിച്ചിട്ടുള്ളതാണ് സ്പെഷ്യൽ വായ്പകൾ

ഒരംഗത്തിന് നല്കാവുന്ന സ്പെഷ്യൽ വായ്പയുടെ പരമാവധി (20,00,000/-) ഇരുപതു ലക്ഷം രൂപ ആയിരിക്കും

ഈ വായ്പയുടെ തിരിച്ചടവ് കാലാവധി വായ്പാ വിതരണം ചെയ്യുന്നതിന്റെ തൊട്ടടുത്ത മാസം തുടങ്ങി നൂറ്റിഇരുപതു മാസമായിരിക്കുന്നതാണ്.

### ബി) സാധാരണ വായ്പകൾ

അംഗങ്ങളുടെ പ്രത്യേക ആവശ്യങ്ങളായ വിവാഹചെലവുകൾ, മുൻ കടങ്ങൾ വീട്ടുക, ആചാരപരമായ ചെലവുകൾ, ചികിത്സാ ചെലവുകൾ, ആശുപത്രി ചെലവുകൾ കൂടാതെ മറ്റത്യാവശ്യ ചെലവുകൾ എന്നിവ നേരിടുന്നതിനായിട്ടാണ് ഇത്തരം വായ്പകൾ നല്കുന്നതിലൂടെ ഉദ്ദേശിച്ചിട്ടുള്ളത്

Co-operative Society No. 424

1) ഒരംഗത്തിന് ഈയിനത്തിൽ നല്കാവുന്ന പരമാവധി വായ്പ 5,00,000/- (അഞ്ച് ലക്ഷം) രൂപയായിരിക്കും

2) വായ്പ അനുവദിച്ചു നല്കുന്ന മാസം മുതൽ 120 മാസമായിരിക്കും തിരിച്ചടവുനുളള കാലാവധി നിലവിലുളള മറ്റ് നിബന്ധനകൾക്ക് പുറമെ തിരിച്ചടവ് കാലാവധി വായ്പാക്കാരനോ ജാമ്യക്കാരോ റിട്ടയർ ചെയ്യുന്ന തിന് ആറ് മാസം മുമ്പ് അവസാനിപ്പിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നു.

3) വായ്പാ വിതരണത്തിന് ആവശ്യമായ ഉപനിബന്ധനകൾ കാലാകാലം ഭരണസമിതി തയ്യാറാക്കേണ്ടതാണ്.

സി) <u>അക്കോമൊഡേഷൻ വായ്പ</u>

1) അംഗങ്ങളുടെ അടിയന്തിരാവശ്യങ്ങൾ നേരിടുന്നതിനായി ഒരംഗത്തിന് പരമാവധി 30,000/- രൂപ വരെ വായ്പയായി നല്കാവുന്നതാണ്

2) ഭരണസമിതിയുടെ നിർദ്ദേശങ്ങൾക്കി വിധേയമായി ഇത്തരം വായ്പകൾ അനുവദിച്ച് സെക്രട്ടറി അനുവദിച്ചു നല്കേണ്ടതും അപ്രകാരം അനുവ ദിച്ചു നല്കുന്ന വായ്പകളുടെ രേഖകൾ അടുത്ത ഭരണസമിതി യോഗ ത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുമാണ്

3) ഭരണസമിതി നിർണ്ണയിച്ചിട്ടുളള പലിശ നിരക്ക് ബാധകമായ ഈ വായ്പ 15 പ്രതിമാസ തുല്യ ഗഡുക്കളായി തിരിച്ചടയ്ക്കേണ്ടതാണ്

ഡി) <u>ഹയർപർച്ചേഴ്സ് വായ്പകൾ</u>

1 ഗൃഹോപകരണങ്ങൾ വാങ്ങുന്നതിന് വേണ്ടിയാണ് ഈ വായ്പ കൊണ്ടു ദ്ദേശിച്ചിട്ടുളളത് .

2 ഈയിനത്തിൽ നല്കാവുന്ന പരമാവധി വായ്പ 100000/-(ഒരു ലക്ഷം രൂപ) ആയിരിക്കുന്നതാണ്.

3 ഈ വായ്പ 60 തുല്യ മാസ ഗഡുക്കളായി തിരിച്ചടച്ചിരിക്കേണ്ടതാണ്

4 വായ്പാപേക്ഷയോടൊപ്പം വാങ്ങാനുദ്ദേശിക്കുന്ന ഗൃഹോപകരണത്തിന്റെ വില വിവരമുൾപ്പെടെയുളള ഇൻവോയ്സ് സ്ഥാപനത്തിൽ നിന്ന് / വ്യാപാ രിയിൽ നിന്ന് വാങ്ങി ആയതിന്റെ രണ്ടു പകർപ്പുകൾ കൂടി സമർപ്പിയ്ക്കേ ണ്ടതാണ് .

5 ഇത്തരം വായ്പകൾ അനുവദിയ്ക്കാനുളള അധികാരം ഭരണസമിതിയ്ക്കാ യിരിക്കും അവയുടെ പലിശ നിരക്ക് ഭരണസമിതി നിർണ്ണയിച്ചു നല്കുന്ന തായിരിക്കും

ഡി) <u>കൺസ്യൂമർ ക്രെഡിറ്റ് ഫെസിലിറ്റി</u>

കേരള ഗസറ്റഡ് ആഫീസേഴ്സ് സഹകരണ സംഘം നടത്തുന്ന മാർജിൻ ഫ്രീ ഗിഫ്റ്റ് സെന്ററിൽ നിന്നും 1000(ആയിരം) രൂപയിൽ കുറയാതെയും 10000/-(പതിനായിരം) രൂപയിൽ കവിയാതെയും സാധനങ്ങൾ വാങ്ങു ന്നതിന് ഒരംഗത്തിന് നല്കുന്നതാണ് ഈ സൗകര്യം. ഇതിനു വേണ്ട ഉപനി ബന്ധനകൾ സംഘം ഭരണസമിതി കാലാകാലങ്ങളിൽ തയ്യാറാക്കേണ്ട താണ്.

Officers' Co-operative No. 424 Trivandrum

ഇ) വിദ്യാഭ്യാസ വായ്പ

അംഗങ്ങളുടെ കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യങ്ങൾക്കു വേണ്ടി സംഘത്തിൽ നിന്നും വിദ്യാഭ്യാസ വായ്പ നല്കുന്നതാണ്. ഒരു കുട്ടിയ്ക്ക് പരമാവധി 50,000/-(അമ്പതിനായിരം) രൂപ വരെ വായ്പ നല്കാവുന്നതാണ്. ഈ വായ്പയെ സംബന്ധിച്ച ഉപനിബന്ധനകൾ ഭരണസമിതി തയ്യാറാക്കേണ്ടതാണ്.

എഫ്) കണ്ടീജന്റ് വായ്പകൾ

1 അംഗത്തിന്റെയോ കുടുംബാംഗങ്ങളുടെയോ അടിയന്തിര ചികിത്സാവശ്യങ്ങൾക്കായി നല്കുന്നതിനാണ് ഈ വായ്പ കൊണ്ടുദ്ദേശിച്ചിട്ടുള്ളത് .

2 ഈയിനത്തിൽ നല്കാവുന്ന വായ്പയുടെ പരമാവധി 1,00,000/- (ഒരു ലക്ഷം രൂപ) ആയിരിക്കുന്നതാണ്

3 ഭരണസമിതി നിർദ്ദേശങ്ങൾക്കുൾപ്പെട്ട് ഈ വായ്പ അനുവദിയ്ക്കുന്നതിന് സെക്രട്ടറിയ്ക്കധികാരമുണ്ടായിരിക്കുന്നതാണ്.എന്നാൽ അനുവദിയ്ക്കപ്പെട്ടിട്ടുളള വായ്പയുടെ രേഖകൾ അടുത്ത ഭരണസമിതിയുടെ അംഗീകാരത്തിനായി സമർപ്പിയ്ക്കേണ്ടതാണ്

4 ഈ വായ്പയ്ക്കാവശ്യമായ ഉപനിബന്ധനകൾ ഭരണസമിതി തയ്യാറാക്കേണ്ടതാണ്

5 ഈ വായ്പയും അതിന്മേൽ ഭരണസമിതി നിർണ്ണയിച്ചിട്ടുളള പലിശയുമടക്കം 25 തുല്യമാസ ഗഡുക്കളായി തിരിച്ചടയ്ക്കേണ്ടതാണ്

ജി ) ഫെസ്റ്റിവൽ വായ്പകൾ

1 ഓണം, ക്രിസ്തുമസ്സ്, റംസാൻ തുടങ്ങിയ ഉത്സവകാലങ്ങളിലുണ്ടാകുന്ന ആവശ്യങ്ങൾ നേരിടുന്നതിന് അംഗങ്ങളെ പ്രാപ്തരാക്കുന്നതിനാണ് ഈ വായ്പ കൊണ്ടുദ്ദേശിച്ചിട്ടുളളത് .

2 പരമാവധി 20,000/-(ഇരുപതിനായിരം) രൂപ വരെ ഈയിനത്തിൽ വായ്പ നല്കാവുന്നതാണ്.

3 ഇത്തരം വായ്പകൾ സെക്രട്ടറി അനുവദിച്ചു നല്കുന്നതും തൊട്ടടുത്ത ഭരണസമിതി യോഗത്തിൽ സമർപ്പിച്ച് അംഗീകാരം വാങ്ങേണ്ടതുമാണ്.

4 ഇതിനാവശ്യമായ ഉപനിബന്ധനകൾ ഭരണസമിതി തയ്യാറാക്കേണ്ടതാണ്

5 ഭരണസമിതി നിർണ്ണയിച്ചിട്ടുളള പലിശ നിരക്കിൽപ്പെട്ട് ഈ വായ്പ അഞ്ച് പ്രതിമാസ തുല്യ ഗഡുക്കളായി തിരിച്ചടയ്ക്കേണ്ടതാണ്

എച്ച് നീക്കം ചെയ്തു

ഐ) സ്വർണ്ണപ്പണയ വായ്പ

1 സംഘാംഗങ്ങൾക്ക് അവരുടെ അത്യാവശ്യങ്ങൾ നേരിടുന്നതിനായി സ്വർണ്ണപ്പണയത്തിന്മേൽ വായ്പ നല്കാവുന്നതാണ്

2 ഒരംഗത്തിന് പരമാവധി 100000/-(ഒരു ലക്ഷം) രൂപ വരെ സ്വർണ്ണപ്പണയത്തിന്മേൽ വായ്പ നല്കാവുന്നതാണ്

3 ഒരംഗത്തിന് പരമാവധി കൊളളാവുന്ന കടത്തിന്റെ പരിധിയിൽ സ്വർണ്ണപ്പണയ വായ്പ ഉൾപ്പെടുന്നതല്ല.

4 സംഘത്തിൽ ഈയാവശ്യത്തിനായി മാത്രം കരാറടിസ്ഥാനത്തിൽ ഏർപ്പെടുത്തിയിട്ടുളള സാങ്കേതിക യോഗ്യതയുളള അപ്രൈസറുടെ

Officers' Co-operative Society No. 424 Trivandrum Ltd. Kerala

റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കും വായ്പ അനുവദിയ്ക്കപ്പെടുന്നത്

5 ഈ വായ്പ അതിന്മേൽ ഭരണസമിതി നിർണ്ണയിച്ചിട്ടുളള പലിശയടക്കം പരമാവധി ഒരു വർഷത്തിനകം തിരിച്ചടയ്ക്കേണ്ടതാണ്.

6 സ്വർണ്ണപ്പണയം നല്കുന്നതിനുളള ഉപനിബന്ധനകൾ ഭരണസമിതി തയ്യാറാക്കി സഹകരണസംഘം രജിസ്ട്രാറുടെ അംഗീകാരം നേടിയിരിക്കേണ്ടതാണ്

ജെ) ഓവർഡ്രാഫ്റ്റ്

അംഗങ്ങൾക്കുണ്ടാകുന്ന മുൻകൂട്ടികാണാത്ത അടിയന്തിരാവശ്യങ്ങൾ അവരുടെ സേവിംഗ്സ് നിക്ഷേപത്തിൽ നിന്നും നേരിടുന്നതിനായിട്ടാണ് ഓവർഡ്രാഫ്റ്റ് സൗകര്യം കൊണ്ടുദ്ദേശിച്ചിട്ടുളളത്. ഈയിനത്തിൽ ഒരു വർഷത്തിനുളളിൽ 2,00,000/-(രണ്ടുലക്ഷം) രൂപ വരെ നല്കുന്നതായിരിക്കും,. ഓവർഡ്രാഫ്റ്റ് സൗകര്യം ആവശ്യമുളള അംഗങ്ങൾ ഭരണസമിതിയ്ക്ക് അപേക്ഷ നല്കേണ്ടതാണ്. അപേക്ഷയോടൊപ്പം മറ്റു രണ്ടംഗങ്ങളുടെ ജാമ്യം കൂടി നല്കേണ്ടതാണ്. ഇങ്ങനെ ലഭിക്കുന്ന അപേക്ഷകൾ അനുവദിയ്ക്കുന്നതിന് ഭരണസമിതിയ്ക്ക് അധികാരമുണ്ടായിരിക്കും. ഓവർഡ്രാഫ്റ്റിന്റെ പലിശ നിരക്ക് സഹകരണ സംഘം രജിസ്ട്രാറുടെ നിർദ്ദേശങ്ങൾ ഉൾപ്പെട്ട് ഭരണസമിതി നിർണ്ണയിയ്ക്കേണ്ടതും ആയത് ത്രൈമാസ തവണകളായി ചുമത്തേണ്ടതുമാണ്.

മേൽ 22(ജെ) പ്രകാരമുളള ഓവർഡ്രാഫ്റ്റ് കാലാവധി നിശ്ചിത തീയതിയ്ക്ക് ഒരംഗത്തിന്റെ അപേക്ഷയിന്മേൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ചു നല്കുന്നതിന് ഭരണസമിതിയ്ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. ആയതിന് വേണ്ട ഉപനിബന്ധനകൾ ഭരണസമിതി തയ്യാറാക്കേണ്ടതാണ്.

കെ) വാഹനവായ്പ

അംഗീകൃത വ്യാപാരികളിൽ നിന്നും പുതിയ വാഹനങ്ങൾ വാങ്ങുന്നതിനായിട്ടാണ് ഈ വായ്പ കൊണ്ടുദ്ദേശിച്ചിട്ടുളളത്.

1 ഈയിനത്തിൽ നല്കപ്പെടുന്ന വായ്പ പരമാവധി 10,00,000/(പത്ത് ലക്ഷം ) രൂപയിലധികരിയ്ക്കാത്ത വിധം വാങ്ങാനുദ്ദേശിക്കുന്ന വാഹനത്തിന്റെ വിലയുടെ 80 ശതമാനമായി നിജപ്പെടുത്തിയിരിക്കുന്നു.

2 വായ്പയുടെ പരമാവധി തിരിച്ചടവ് കാലാവധി വായ്പ നല്കപ്പെട്ട മാസം മുതൽ 84 മാസമായിരിക്കുന്നതാണ്. എന്നാൽ അംഗം സർക്കാർ സർവ്വീസിൽ നിന്നും അടുത്തുൺ പറ്റുന്നതിന് 6 മാസം മുമ്പ് അവസാനിക്കുന്ന തരത്തി ലായിരിക്കണം മേല്പറഞ്ഞ തിരിച്ചടവ് കാലാവധി നിർണ്ണയിച്ചു നല്കേണ്ടത്.

3 മേലുദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി നല്കിയിട്ടുളള ഒരംഗത്തിന്റെ ശമ്പള സർട്ടിഫിക്കറ്റിന്റെയും മറ്റ് രണ്ട് അംഗങ്ങളുടെ ജാമ്യത്തിന്റെ ഉറപ്പിന്മേലും ഈ വായ്പ അനുവദിയ്ക്കാവുന്നതാണ്.

Gazetted Officers' Co-operative Society No. 424 Trivandrum

4 വാങ്ങുന്ന വാഹനത്തിന്റെ ഉടമസ്ഥാവകാശം അപേക്ഷകന്റെ /അപേക്ഷയുടെ പേരിൽതന്നെയായിരിയ്ക്കണം.

5 ഇപ്രകാരം വാങ്ങുന്ന വാഹനം സംഘത്തിന്റെ പേരിൽ ചുണ്ടിപ്പണയവുമായി നല്കേണ്ടതാണ്

6 സംഘത്തിന്റേപേരിൽ ചുണ്ടിപ്പണയം നിലനിൽക്കുന്ന കാലത്തോളം വായ്പാക്കാരൻ തന്നെ വാഹനത്തിന് സമഗ്രമായ (comprehensive) ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടത്തേണ്ടതും ആയതിന്റെ ഇൻഷ്വറൻസ് പകർപ്പ് ഓരോ വർഷവും പുതുക്കുന്നതിനുസരിച്ച് സംഘത്തിന് നല്കേണ്ടതുമാണ്

7 വാഹന വായ്പയ്ക്കുള്ള ചെക്ക്/ ഡി ഡി വാഹനം ആരിൽ നിന്ന് വാങ്ങുന്നുവോ ആ വ്യാപാരിയുടെയോ/കമ്പനിയുടെയോ പേരിൽ നല്കപ്പെടുന്നതായിരിക്കും .

## 23 കരുതൽ ധനം

സംഘത്തിനുണ്ടാകുന്ന അവിചാരിതമായ നഷ്ടങ്ങൾ നേരിടുന്നതിനു ഉദ്ദേശിച്ചു കൊണ്ടുള്ള കരുതൽ ധനത്തിന്റെ പൂർണ്ണാവകാശം സംഘത്തിനായിരിയ്ക്കുന്നതാണ്. ഇതിന്മേൽ ഏതൊരംഗത്തിനും അവകാശമുന്നയിയ്ക്കാവുന്നതല്ല. സഹകരണ സംഘം രജിസ്ട്രാർ നിഷ്കർഷിച്ചിട്ടുള്ള വിധത്തിൽ കരുതൽ ധനം നിക്ഷേപിയ്ക്കേണ്ടതും അദ്ദേഹത്തിന്റെ അനുവാദത്തോടെ മാത്രം പിൻവലിയ്ക്കാവുന്നതുമാണ്. താഴെപ്പറയുന്ന തരത്തിൽ കരുതൽ ധനം നിക്ഷേപയ്ക്കാവുന്നതാണ്

1 സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളതോ സർക്കാർ അംഗീകാരത്തോടെ പുറപ്പെടുവിച്ചിട്ടുള്ളതോ ആയ സെക്യൂരിറ്റികളിന്മേൽ

2 സംഘത്തിന് വേണ്ടി സ്വത്തുസമ്പാദനം നടത്തുന്നതിന് ഉപയോഗിക്കപ്പെടാത്ത കരുതൽ ധനത്തിന്മേൽ ജനിക്കുന്ന ലാഭം, പലിശ എന്നിവ അതിന്മേലുണ്ടാകുന്ന ചെലവുകൾ കിഴിച്ച ശേഷവും 20 ശതമാനം വെൽഫെയർ ഫണ്ടിലേക്ക് വകമാറ്റപ്പെടുകയും ചെയ്ത ശേഷം ബാക്കിയൊന്നാകെ കരുതൽ ധനത്തിലേക്കു തന്നെ വകമാറ്റേണ്ടതാണ്

എ) സംഘം ബൈലാ വ്യവസ്ഥകൾ പ്രകാരം സ്വരൂപിക്കുന്ന കരുതൽ ധനവും മറ്റ് ഫണ്ടുകളും താഴെപ്പറയും വിധം ഉപയോഗിക്കാവുന്നതാണ്

1) അംഗങ്ങൾക്ക് ചെല്ലാനുള്ള എല്ലാ ബാദ്ധ്യതകളും സംഘം കൊടുത്തുതീർത്തിട്ടും തീരാതെയുണ്ടെങ്കിൽ അത്തരം ബാദ്ധ്യതകൾ തീർക്കുന്നതിന് .

2) അടച്ചു തീർത്തിട്ടുള്ള ഓഹരി മൂലധനം തിരികെ നല്കുന്നതിന്

3) അംഗങ്ങൾ അടച്ചു തീർത്തിട്ടുള്ള ഓഹരിയിന്മേൽ ഏതെങ്കിലും കാലത്തേയ്ക്കോ/കാലങ്ങളിലേയ്ക്കോ പത്തു ശതമാനത്തിലധികരിയ്ക്കാതെ ലാഭവീതം പ്രഖ്യാപിച്ചിട്ടില്ലെങ്കിൽ ആ കാലത്തേയ്ക്കോ /കാലങ്ങളിലേയ്ക്കോ ലാഭവിഹിതം മേല്പറഞ്ഞ നിരക്കിലധികരിയ്ക്കാതെ നല്കുന്നതിന്

ബി) മേൽ ഉപവകുപ്പ് (എ)യിൽ പറഞ്ഞ കാര്യങ്ങൾ നിർവ്വഹിച്ച ശേഷവും ബാക്കിയുള്ള കരുതൽ ധനം വാർഷിക പൊതുയോഗം അംഗീകരിച്ചിട്ടുള്ള ഏതെങ്കിലും പൊതുകാര്യത്തിനുവേണ്ടി രജിസ്ട്രാറുടെ അംഗീകാരത്തോടെ വകമാറ്റാവുന്നതാണ്. സംഘം അവസാനമായി അടച്ചു പൂട്ടി മൂന്ന് മാസത്തിനുള്ളിൽ പൊതുയോഗത്തിന് സഹകരണ സംഘം രജിസ്ട്രാറുടെ അംഗീകാരത്തോടെ ഇപ്രകാരമൊരു വകമാറ്റലിന് കഴിഞ്ഞിട്ടില്ലാത്ത പക്ഷം

No. 4..
Trivandrum

സഹകരണ സംഘം രജിസ്ട്രാർ ബാക്കിയുള്ള കരുതൽ ധനത്തെ അടു ത്തുള്ള മറ്റ് സഹകരണ സംഘങ്ങളെ സഹായിക്കുന്നതിനോ അല്ലെങ്കിൽ അതേ പ്രവർത്തനപരിധിയോടു കൂടി മറ്റൊരു സഹകരണ സംഘം രജിസ്റ്റർ ചെയ്യപ്പെടുന്നതു വരെ ഏതെങ്കിലും സഹകരണ ബാങ്കിൽ പലിശയ്ക്കായ് നിക്ഷേപിയ്ക്കുകയം തുടർന്ന് പുതുതായി രജിസ്റ്റർ ചെയ്യപ്പെട്ട സഹകരണ സംഘത്തിന്റെ കരുതൽ ഫണ്ടിലേക്ക് വകമാറ്റുകയോ ചെയ്യേ ണ്ടതാണ്.

സി) ത്രിഫ്റ്റ് നിക്ഷേപ പദ്ധതി

1 ബൈലാ 22 ( എ)യും 22(ബി)യും പ്രകാരം നല്കപ്പെടുന്ന വായ്പകളുടെ ഒരു ശതമാനം തുകയിൽ കുറയാതെ വായ്പക്കാർ ത്രിഫ്റ്റ് നിക്ഷേപത്തി ലേയ്ക്ക് ഒടുക്കേണ്ടതാണ്

2 അംഗം വായ്പാക്കണക്ക് അവസാനിപ്പിച്ച് ഒരു മാസം കഴിയുമ്പോൾ ടി തൃഫ്റ്റ് നിക്ഷേപം പിൻവലിയ്ക്കുകയോ അല്ലാത്ത പക്ഷം ആയത് ബൈലാ 14ൽ നിഷ്കർഷിച്ചിട്ടുള്ള ഏതെങ്കിലും നിക്ഷേപങ്ങളിലേക്ക് വക മാറ്റുന്ന തിന് അപേക്ഷിക്കുകയോ ചെയ്യാവുന്നതാണ്. ഇങ്ങനെ വക മാറ്റപ്പെടുന്ന തുകയ്ക്ക് ആ തീയതി മുതൽ ആയതിന് നിശ്ചയിക്കപ്പെട്ട നിരക്കിൽ പലിശ ലഭിയ്ക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

ഡി) സേഫ് ഡെപ്പോസിറ്റ് ലോക്കർ

അംഗങ്ങളുടെ വിലപ്പെട്ട വസ്തുക്കൾ സൂക്ഷിക്കുന്നതിനായി സംഘം സേഫ് ഡെപ്പോസിറ്റ് ലോക്കർ സൗകര്യമൊരുക്കി നല്കുന്നതാണ്. ആയ തിന് വേണ്ട നിബന്ധനകൾ ഭരണസമിതി കാലാകാലങ്ങളിൽ നിർണ്ണ യിയ്ക്കേണ്ടതാണ്.

## 24 ക്ഷേമനിധി

അംഗങ്ങളിൽ നിന്നും അല്ലാത്തവരിൽ നിന്നും സംഭാവനകൾ സ്വീകരിച്ചു കൊണ്ടും ലാഭത്തിന്റെ ഒരു ഭാഗം വിനിയോഗിച്ചു കൊണ്ടും സംഘം ഒരു 'ക്ഷേമനിധി' രൂപികരിയ്ക്കേണ്ടതാണ്. ക്ഷേമനിധിയിൽ നിന്നുള്ള വിഹിതം താഴെപ്പറയുന്ന കാര്യങ്ങൾക്ക് വിനിയോഗിക്കാവുന്നതാണ്

1 വിദ്യാഭ്യാസ സഹായം നല്കുന്നതിന്

2 മരണം, രോഗം, വിവാഹം എന്നീ സന്ദർഭങ്ങളിൽ ആവശ്യമുള്ള അംഗങ്ങളെ സഹായിക്കുന്നതിന്

3 അംഗങ്ങൾക്ക് പഠനയാത്രകൾ, വിനോദയാത്രകൾ എന്നിവ നടത്തുന്നതിന് എന്നിവ സംഘടിപ്പിയ്ക്കുന്നതിന്

4 അംഗങ്ങളുടെ സാംസ്ക്കാരികവുംവിനോദപരവുമായ ആവശ്യങ്ങൾക്കായി

5 കാലാകാലങ്ങളിൽ ഭരണസമിതി തീരുമാനിക്കുന്ന ധാർമ്മിക പ്രവർത്തന ങ്ങൾക്ക്

## 25 ലാഭം

വർഷാവർഷംസഹകരണ രജിസ്ട്രാർ പ്രഖ്യാപിച്ചു നല്കുന്ന ലാഭം സംഘം പൊതു യോഗം താഴെപ്പറയുന്ന തരത്തിൽ വീതിയ്ക്കേണ്ടതാണ് .

1. 15 ശതമാനം കരുതൽ ധനത്തിലേക്ക്
2. 5 ശതമാനം വിദ്യാഭ്യാസ ഫണ്ടിലേക്ക്
3. ബാക്കിയുള്ളതിൽ

No 424 T.vandrum

1 20 ശതമാനത്തിലധികരിയ്ക്കാതെയുളള തുക അംഗങ്ങൾ അടച്ചു തീർത്തിട്ടുളള ഓഹരികളിന്മേൽ ഡിവിഡന്റ് നല്കുന്നതിന്

2 ബാക്കിയുളളതിൽ 40 ശതമാനം തുക ബൈലാവ്യവസ്ഥ 34 പ്രകാരം രൂപീകരിച്ചിട്ടുളള റിലീഫ് ഫണ്ടിലേക്ക്

3 40 ശതമാനം തുക കെട്ടിട ഫണ്ടിലേക്ക്

4 5 ശതമാനം തുക ട്രേഡ് റിസ്ക് ഫണ്ടിലേക്ക്

5 ബാക്കിതുക വെൽഫെയർ ഫണ്ടിലേക്ക് വകമാറ്റേണ്ടതാണ്.

26 പലവക

15 ദിവസത്തെ നോട്ടീസിൽ അജണ്ട വ്യക്തമാക്കിക്കൊണ്ട് വിളിച്ചുകൂട്ടുന്ന പൊതുയോഗത്തിന്റെ 2/3 ഭൂരിപക്ഷത്തോടെ പാസ്സാക്കുന്നതല്ലാതെയുളള നിയമാവലിയുടെ ഏതെങ്കിലും വകുപ്പുകളുടെ ഭേദഗതികളോ കൂട്ടിചേർക്കലുകളോ റദ്ദാക്കപ്പെടലുകളോ അല്ലെങ്കിൽ അവയ്ക്കു സഹകരണ സംഘം രജിസ്ട്രാറുടെ അംഗീകാരം ലഭിക്കാതിരിക്കുകയോ ചെയ്യുന്ന കാലത്തോളം അവ പ്രാബല്യത്തിൽ വരുന്നതല്ല.

27 നിലവിലുളള നിയമങ്ങളെ സംബന്ധിച്ചോ അവയ്ക്കനുഗുണമായി നിർമ്മിക്കപ്പെട്ടിട്ടുളള ചട്ടങ്ങളിലോ അല്ലെങ്കിൽ സംഘം നിയമാവലിയിലെ ഏതെങ്കിലും വകുപ്പുകളെ സംബന്ധിച്ചോ ഭരണസമിതിയ്ക്ക് എന്തെങ്കിലും സംശയം ഉണ്ടാകുന്ന പക്ഷം ആയത് സഹകരണ സംഘം രജിസ്ട്രാറുടെ ഉപദേശത്തിന് വിടേണ്ടതും അക്കാര്യത്തിൽ രജിസ്ട്രാറുടെ ഉപദേശ പ്രകാരം പ്രവർത്തിയ്ക്കേണ്ടതുമാണ്

28 സംഘം വക ഏതെങ്കിലും മുതലുകളോ തുകയോ കളവു മൂലമോ മറ്റെന്തെങ്കിലും തരത്തിലോ നഷ്ടപ്പെടുകയും ആയത് തിരിച്ചീടാക്കാൻ സാദ്ധ്യമല്ലെന്ന് ബോദ്ധ്യപ്പെടുകയോ ചെയ്യുന്ന സന്ദർഭത്തിൽ അത്തരം തുകകൾ സഹകരണ സംഘം രജിസ്ട്രാറുടെ അനുവാദത്തോടെ എഴുതിത്തളളുന്നതിന് സംഘം പൊതുയോഗത്തിന് അധികാരമുണ്ടായിരിക്കുന്നതാണ്.

29

1) സഹകരണ സംഘം രജിസ്ട്രാർ നിഷ്കർഷിച്ചിട്ടുളള ഫാറങ്ങളിൽ സംഘം വർഷംതോറും താഴെപ്പറയുന്ന സ്റ്റേറ്റ്മെന്റുകൾ തയ്യാറാക്കേണ്ടതാണ്.

എ) ആ വർഷത്തെ വാർഷിക വരവ്- ചെലവ് കണക്കുകളുടെ സ്റ്റേറ്റ്മെന്റ്

ബി) ലാഭ-നഷ്ടക്കണക്ക്

സി) മുതൽ-കട സ്റ്റേറ്റ്മെന്റ്

ഡി) വർഷാവസാനത്തിലുളള സ്റ്റോക്ക് നീക്കിയിരിപ്പ് സ്റ്റേറ്റ്മെന്റുൾപ്പെടെ സഹകരണ സംഘം രജിസ്ട്രാർ നിഷ്കർഷിച്ചിട്ടുളള മറ്റ് സ്റ്റേറ്റ്മെന്റുകളും

2) മേൽ പ്രകാരം തയ്യാറാക്കപ്പെടുന്ന സ്റ്റേറ്റ്മെന്റുകൾ സഹകരണ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിച്ചിട്ടുളള തരത്തിൽ മാർച്ച് മാസം 31ന് അവസാനിക്കുന്ന ധനകാര്യ വർഷം കഴിഞ്ഞശേഷം സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിയ്ക്കേണ്ടതാണ് . ഈ കണക്കുകൾ പരിശോധിച്ചുകൊണ്ട് രജിസ്ട്രാർ നല്കുന്ന ആഡിറ്റ് സർട്ടിഫിക്കറ്റ് രജിസ്ട്രാറുടെ നിർദ്ദേശങ്ങൾക്കുൾപ്പെട്ട് സംഘം പ്രസിദ്ധീകരിക്കേണ്ടതാണ്.

സംഘത്തിന്റെ ഇടപാടുകളെ സംബന്ധിച്ച് അതിലെ ഒരംഗവും അല്ലെങ്കിൽ മരിച്ചു പോയ സംഘാംഗവും അല്ലെങ്കിൽ ഒരംഗം മുഖേന

No. 424 Trivand m

മറ്റുള്ളവരോ അല്ലെങ്കിൽ അംഗമായിരുന്നവരോ തമ്മിലും അല്ലെങ്കിൽ ഒരംഗവും അല്ലെങ്കിൽ മുൻ അംഗവും അല്ലെങ്കിൽ അങ്ങനെ അവകാശ പ്പെടുന്നവരുംസംഘം ഭരണസമിതിയും തമ്മിലുമുണ്ടാകുന്ന ഏതൊരു തർക്കവും അതിലുൾപ്പെട്ട ഏതൊരു കക്ഷിയും രേഖാമൂലം രജിസ്ട്രാർക്ക് സമർപ്പിയ്ക്കേ ണ്ടതാണ്.

ഇങ്ങനെ ലഭിക്കുന്ന തർക്കങ്ങൾ രജിസ്ട്രാർ നേരിട്ടോ അല്ലെങ്കിൽ അദ്ദേഹം നിയോഗിയ്ക്കുന്ന ഒരു ആർബിട്രേറ്ററോ കേട്ട് അതിന്മേൽ തീരു മാനം കൈക്കൊള്ളേണ്ടതാണ്. ഇപ്രകാരം രജിസ്ട്രാറോ അല്ലെങ്കിൽ ആർ ബിട്രേറ്ററോ തരാതരം പോലെ കൈക്കൊള്ളുന്ന തീരുമാനം അക്കാര്യ ത്തിൽ അന്തിമമായിരിക്കുന്നതാണ്.

30 സംഘത്തിന് ഒരു ചിഹ്നവും പൊതുവായ ഒരു സീലും ആഫീസും പൂർണ്ണ മായ മേൽവിലാസം രേഖപ്പെടുത്തിയ ഒരു പേർപ്പലകയും (നെയിം ബോർഡ്) ഉണ്ടായിരിക്കുന്നതാണ്.

31 തങ്ങളുടെ തപാൽ മേൽവിലാസത്തിലുണ്ടാകുന്ന ഏതൊരു മാറ്റവും സംഘത്തെ അറിയിക്കാനുള്ള ചുമതല അംഗങ്ങൾക്കുണ്ട്. ഈ ബൈലാ യിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് അംഗങ്ങളെ അറിയിയ്ക്കു ന്നതിനുള്ള നോട്ടീസുകൾ അവസാനം ലഭ്യമായിട്ടുള്ള അംഗങ്ങളുടെ മേൽ വിലാസത്തിൽ അയയ്ക്കപ്പെടുന്നതു ഇക്കാര്യത്തിൽ യഥാവിധി അംഗത്തിന് നോട്ടീസ് നല്കിയതായി കണക്കാക്കപ്പെടുന്നതാണ്

32

33 <u>സംഘംജീവനക്കാർക്കുള്ള ഭവനനിർമ്മാണവായ്പകൾ</u>

ഭരണസമിതിയ്ക്ക് സംഘത്തിലെ ജീവനക്കാർക്ക് വീട് നിർമ്മിയ്ക്കുന്ന തിനോ അല്ലെങ്കിൽ പൂർത്തിയായ വീട് വാങ്ങുന്നതിനോ വേണ്ടി ദീർഘകാല വായ്പകൾ അനുവദിയ്ക്കാവുന്നതാണ്. ഇത്തരം വായ്പകൾ അനുവദി യ്ക്കുന്നത് ആയതിന് വേണ്ടി രജിസ്ട്രാർ നിർദ്ദേശിച്ചിട്ടുള്ള നിബന്ധനകൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ഉപനിബന്ധനകൾ സംഘം തയ്യാറാക്കി അതിന് വിധേയമായിട്ടായിരിയ്ക്കേണ്ടതാണ്

34 <u>റിലീഫ് ഫണ്ട്</u>

പ്രധാനമായും സർവ്വീസിലിരിയ്ക്കെ മരണപ്പെട്ടു പോകുന്ന സംഘാംഗ ങ്ങളെ സഹായിയ്ക്കുന്നതിന് വേണ്ടി സംഘം ഒരു റിലീഫ് ഫണ്ട് രൂപീ കരിയ്ക്കേണ്ടതാണ് .

എ) ഈ ഫണ്ട് രൂപീകരിയ്ക്കപ്പെടുന്നത്

I ഓരോ അംഗത്തിൽ നിന്നും 1000/- രൂപ വീതം

II ബൈല 25 പ്രകാരമുള്ള ലാഭവിഭജനത്തിലൂടെ ലഭിക്കുന്ന തുകകൾ

ബി) ആയിരം രൂപ നിക്ഷേപിയ്ക്കുന്ന ഏതൊരു 'എ' ക്ലാസ്സ് അംഗത്തെയും ഈ പദ്ധതിയിൽ ചേർക്കേണ്ടതാണ്. മേൽത്തുക പത്ത് തുല്യ പ്രതിമാസ ഗഡു ക്കളായി ഒടുക്കേണ്ടതാണ്.

സി)1) ഈ റിലീഫ് ഫണ്ടിൽ ചേർന്നിട്ടുള്ള മരണപ്പെട്ട സംഘാംഗത്തിന്റെ നിയ മാനുസൃതമായ അവകാശിയ്ക്ക് 50,000/-(അമ്പതിനായിരം) രൂപ ഫണ്ടിൽ

No. 424 Trivandrum

നിന്നും നല്കുന്നതാണ്.

2) ഈ പദ്ധതിയിൽ ചേർന്നിട്ടുള്ള മരണപ്പെട്ട അംഗത്തിന് സംഘത്തിലുള്ള ബാദ്ധ്യതകൾ മേല്പറഞ്ഞ(സി)(1)ൽ നിഷ്ക്കർഷിച്ചിട്ടുള്ള തുകയിൽ നിന്നും ഈടാക്കുന്നതാണ്.

ഡി) സർവ്വീസിൽ നിന്നും റിട്ടയർമെന്റ് മുഖേനയോ അല്ലെങ്കിൽ സംഘത്തിലെ എ ക്ലാസ്സ് അംഗത്വം അവസാനിക്കുന്നതു കൊണ്ടോ ഏതാണോ ആദ്യം ആ തീയതി മുതൽ പ്രസ്തുത അംഗത്തിന് ഈ പദ്ധതിയിൽ നിന്നും സഹായം ലഭിയ്ക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതല്ല.

---

SHAJAHAN.M
PRESIDENT

For KERALA GAZETTED OFFICER'S CO OPERATIVE SOCIETY LTD No. T424
SECRETARY

A.S.DEVI MEENA
MEMBER

For KERALA GAZETTED OFFICER'S CO OPERATIVE SOCIETY LTD No. T424
SECRETARY

AJITH A P
MEMBER

No. 424 Trivandrum

# THE CENTRAL GOVERNMENT GAZETTED OFFICERS CO-OPERATIVE SOCIETY LTD. NO. T. 394

## BYE-LAWS

Includes Amdnt No. O.8127/03 (CERTIFICATE OF RGISTRATION OF AMENDMENT NO. 113/03) dated 27.10.2003 of Joint Registrar of Co-operative Societies (General) Trivandrum)

**REGISTERED UNDER THE KERAL CO-OPERATIVE SOCIETIES ACT 1969 (ACT 21 OF 1969)**

**THE CENTRAL GOVERNMENT GAZETTED OFFICERS CO-OPERATIVE SOCIETY LTD. NO. T. 394**

# BYE-LAWS

## 1. NAME AND ADDRESS:

The name of the society is 'The Central Government Gazetted Officers' Co-operative Society Limited No.T.394. Its address shall be Accountant General's Office, Kerala,Thiruvananthapuram-1.Its operation shall extend through out Thiruvanathapuram City wherever the members happen to serve.

## 2. OBJECTS

The objects of the society are primarily to promote the welfare of the members and with that end in view,

i. to encourage thrift, self-help and co-operation among members
ii. to provide banking and credit facilities
iii. to run chit funds subject to the conditions of the Chitty Act and Rules;
iv. to arrange hire purchase of household and other articles;
v. to raise funds required for the activities by way of loans, deposits etc, from members, Sate Government or Central government, State Co-operative Bank and other institutions;
vi. to undertake the purchase and sale of consumer goods, textiles etc; and to run fair price shops;
vii. to rush immediate help to members in distress and to the relatives of deceased members;
viii. to provide medical facilities to members;
ix. to provide library facility to members;
x. to promote charity and for this purpose conduct shows and other entertainment; and
xi. to undertake such other activities as are incidental conducive to the attainment of its objects.

## MEMBERSHIP AND SHARES:

3.1. Membership shall be confined to the Gazetted Officers of the Central Government stationed in Thiruvananthapuram City.
Note:- for the purpose of this bye-law Central Government officers the maximum of whose scales of pay is Rs.900 and above shall also be deemed to be gazetted officers of the Central government provided they are members of the SAS association recognised by the Govrnment of India (Amendment No. 1059 dated 16.3.1982 of the Joint registrar of Co-operative Societies).
3.2. The liability of the members shall be limited to the share capital subscribed by them.
3.3. The authorized share capital of the Society shall be Rs. 20 lakh consisting of 76,000 shares of Rs.25 each for distribution to members and 4000 shares of Rs.25 each set apart for State/Central Government participation. (No. O.8127/03 (CERTIFICATE OF RGISTRATION OF AMENDMENT NO. 113/03) dated 27.10.2003 of Joint Registrar of Co-operative Societies (General) Trivandrum)
3.4. Application or admission as a member shall be made to the Secretary in the form if any prescribed for this purpose. It shall be open to the committee to refuse admission to any applicant for good and sufficient reasons to be recorded in writing.
3.5. Every applicant shall pay entrance fee of rupee one per each share taken, except Government, provided that the total entrance fee collected from each members shall not exceed Rs.10.
3.6. No member of the society shall be permitted to transfer or withdraw any or all of the shares held in the society without prior approval of the committee and his having held the shares for three years. After such period any member may transfer or withdraw his membership provided there are no debts due by him to the society either as principal debtor as surety.
3.7. Any member of the society shall cease to be a member if (i) he acquires any of the disqualification prescribed under the Co-operative Act and rules or (ii) retires from service or (iii) is transferred outside Kerala or (iv) dies.
3.8. When a member resigns his membership he shall intimate it in writing to the Chairman of the Society and such resignation shall take effect from the date on which it is accepted by the Committee. The value of the shares allowed to be withdrawn shall be paid back to him. The total share capital withdrawn in any one year due to resignation of membership shall not however exceed ten percent of the aggregate paid up share capital of the Society as it was on the $30^{th}$ June preceding.
3.9. Should a member cease to be eligible for membership the Committee may with in one month of such date close his accounts with the society provided no debt is due by him either [illegible]

3.10. Every member of the society may nominate any other person to receive, in the event of his death, any sum due to him by the society. Such nomination shall be given effect to by the committee if-

(i) if the nomination was signed by at least two witnesses;

(ii) the nomination was registered in the books of the society kept for the purpose.

3.11. In the event of there being no such nomination the society shall pay the sums due to a deceased member to such person as may appear to the committee to be his immediate heir.

3.12. A past member or the estate of a deceased member shall be liable as provided in Bye-Law 3.2. for the debts due by the Society as they existed on the date when he ceased to be a member or on the date of his death as the case may be for a period of two years from such date.

FUNDS

4.1.The funds of the society shall be raised by one or more of the following modes:-

(i) issuing shares and by taking admission fee;

(ii) raising the following kinds of deposits from members or non-members.

A.THRIFT DEPOSITS:-Every member shall contribute monthly a sum not less than Rs.10 towards thrift deposit. The thrift deposit shall carry interest not less than 6% per annum. Repayment out of the thrift deposits will be as per rules made by the Committee from time to time.

B.FIXED_DEPOSITS:-Fixed deposits may be raised either from members or non-members and will be governed by rules made in this behalf by the Committee.

C.SAVINGS BANK DEPOSITS

(iii) taking loans from the Central or State Governments and Co-operative Financing agencies or other institutions; and

(iv) running charity, shows and other entertainment with the prior sanction of the Registrar.

D.MONTHLY DEPOSIT SCHEME

(amendment to bye law 4D approved vide certificate no O273/2001 dated 6.01.2001 )

4.2. The borrowings of the society shall not at any time exceed 10 times the total amount of paid up share capital and Reserve Fund.

5.1. The General Meeting of the Society shall be convened at least once a year in accordance with the provisions of the Act and Rules.

5.2. Every member shall have only one vote each and all matters shall be decided by a majority of votes of such members present and voting. When votes are equal the presiding officer shall have a casting vote.

6.1. The duties and powers of the General Body shall be-

(i) to elect, suspend or remove the elected members of the committee;

(ii) to consider the annual report, Audited Balance sheet and Profit and loss Account for each year,

(iii) to consider the audit note and inspection report of the Registrar or any another person nominated by him,

(iv to consider disposal of profit in accordance with the Act and Rules and the bye-law;

(v) to approve the Budget;

(vi) to amend the Bye-laws subject to the sanction of the registrar of Co-operative Societies;

(vii) to lay down for the guidance of the committee general policy for the conduct business and other activities to be undertaken for the benefit of the members; and

(viii) to consider any other business.

6.2. All business discussed or decided at a general body shall be signed by the Chairman of the meeting.

6.3. The quorum of the general body shall be 15 or 1/3 of the total membership whichever is less.

6.4. Fourteen days clear notice shall be given for the general body.

COMMITTEE:-

7.1. There shall be a committee consisting of ten members elected by members as per co-operative societies Act and rules as shown below:

(i) General - 5

(ii) Member with Deposit of Rs.10,000 - 1

(iii) SC/ST member - 1

(No. O.8127/03 (CERTIFICATE OF RGISTRATION OF AMENDMENT NO. 113/03) dated 27.10.2003, No. 11890/13 dated 17.12.2013 of Joint Registrar of Co-operative Societies (General) Trivandrum)

7.2. Not withstanding anything contained in bye-law 7.1. where the State/Central Government have contributed to the share capital of the society or have assisted the society by way of loans/grants the State/Central Government ,may as the case may be, nominate not more than 2 members to the committee

7.3. The members of the committee shall hold office for a period of five years. For the period of office of the members of the committee the year shall begin from 1st July.

7.4. Any member of the committee may, at any time resign his office but such registration shall take effect only from the date on which his resignation is accepted by the committee or by the authority who nominated the member concerned as the case may be.

7.5. The members of the committee shall elect from among themselves a Chairman and a Secretary. The Chairman or in his absence any member of the committee elected by the members present shall preside at all the meetings of the committee.

7.6. All matters placed before the meeting of the committee shall be decided by a majority of votes and in case of equality of votes the Chairman of the meeting shall exercise a casting vote.

7.7. The quorum for a meeting of the committee shall be three.

7.8. The meeting of the committee shall be held whenever necessary. The meeting may be called at any time by the Chairman and should also be called on receipt of a requisition from three members of the Committee or from the Registrar of co-operative societies.

7.9. Three days notice shall ordinarily be given to committee members before a meeting of the committee is convened.

7.10. Should an elected member of a managing committee absents himself from three consecutive meetings of the managing committee without its permission he shall cease to be a member, but may be reinstated by the managing committee with sufficient reason.

7.11. In case of emergency when there may not be sufficient time to convene a meeting of the committee the Secretary may obtain the orders of the committee by circulation of papers among all the members. Such decision arrived at by circulation shall be placed before the next meeting of the committee for their ratification. Should a difference of opinion arise in the course of such circulation., the matter shall not be decided by circulation but shall be placed before a meeting of the committee.

7.12. A member of the committee shall cease to hold office if-

(i) he ceases to be a member of the society;

(ii) he is convicted of any offence involving dishonesty or moral turpitude;

(iii) he becomes of unsound mind;

(iv) he resign and his resignation is accepted by the committee or by the authority who nominated him as the case may be and.

(v) he fails to attend three consecutive meetings of the committee without sanction or leave of absence by the committee.

7.13. Except those reserved for the General Body the committee shall in particular exercise the following powers and duties:-

(i) to observe in all their transactions, the provisions of the Act, the Rules and the Bye-law;

(ii) to admit members and issue shares;

(iii) to lay down norms and conditions for the management of the society and assign duties and functions to various paid employees or categories of employees.

(iv) to prepare and lay before the general body the annual report, profit and loss account and such other account required under the Act, the Rules and the Bye-laws.

(v) to prepare budget for the year and place it before the annual general meeting.

(vi) to consider the audit notes and inspection notes of the Registrar or any other person authorised by him and take necessary action.

(vii) to summon general body meetings in accordance with the Bye-laws.

(viii) to contract loans and make necessary arrangement for its repayment.

(ix) to decide the terms and periods for and the rates of interest at which deposits are to be received and to arrange for the repayment of such deposits.

(x) to supervise the maintenance of list of members current and up-to-date registers and other books as required by the Act and rules and the Bye-laws.

(xi) to appoint, suspend, punish and dismiss or hear appeals in the case of all employees as per conditions laid down in the Act and Rules.

(xii) to fix the remuneration and scale of salary of all employees of the society.

(xiii) to initiate, defend, compromise, or abandon legal proceedings

(xiv) to purchase, sell, transfer or otherwise deal with properties and securities on behalf of the society.

(xv) to invest the surplus funds of the society in accordance with the provisions of the Act and Rules.

(xvi) to frame subsidiary regulations for the issue of loans to members and the rate of interest chargeable therefore and for buying and selling of goods and for issue of household and other articles on hire purchase basis.

(xvii) to sanction loans except ad-hoc loans and loans on the security of deposits to members.

(xviii) to constitute sub-committees and to delegate such powers as are deemed necessary.

(xix) Generally, to conduct the affairs of the society.

7.14. The service of the members of the Committee shall be gratuitous but they may be paid T.A. and sitting fees or honoraria according to the rates fixed by the Committee.

## 7. DUTIES AND POWERS OF OFFICE-BEARER

Subject to such resolution as the Committee may from time to time pass, the several officers of the society shall have powers mentioned below:-

8.1. Chairman:-The Chairman shall have power to

(i) exercise a general control over all the affairs of the society,(ii) to sanction ad-hoc loans,(iii) to sanction loans on the security of deposits and (iv) to initiate disciplinary proceedings against the employees of the society.

8.2. Secretary:- The secretary shall be responsible for the day-to-day administration of the society, subject to the general control of the Committee. He shall be the officer to sue and to be sued on behalf of the society.

8.3. All bonds and the documents executed in favour of the society shall be in favour of the Chairman and the Secretary.

8.4. The Chairman and the Secretary or in their absence any of the committee members authorised specifically by the committee shall sign or endorse and negotiate cheques.

8.5. The Secretary shall not keep a cash balance in excess of Rs.5,00,000 at a time and cash balance exceeding this limit shall be remitted into the Kerala State Co-operative Bank failing which 18% interest shall be charged from the person responsible for the same. ( No. O.8127/03 (CERTIFICATE OF RGISTRATION OF AMENDMENT NO. 6401/2016) dated 19.09.2016 of Joint Registrar of Co-operative Societies (General) Trivandrum)

8.6. It shall be competent for the Secretary to meet expenditure subject to the budget provision approved by the general body.

8.7. The duties and powers of the Secretary shall be

(a) to conduct the day-to-day business of the society and to implement the policy and programme laid down by the committee for the purpose

(b) to conduct negotiations and make arrangements for the purchase and sale, including hire purchase of goods

(c) to convene and prepare the papers for general body and committee meetings , and to record the proceedings of such meetings in the minutes book.

(d) to direct and supervise the day-to-day business of the society

(e) to exercise control and supervision on the staff of the society.

(f) to maintain proper and accurate records and accounts of working of the society. The accounts shall be placed before the committee periodically.

(g) to sign on behalf of the society in the conduct of correspondence.

(h) to arrange for the receipt and disbursements of money on behalf of the society.

(i) to register applications for loans in the order of the date of their receipt and to place them before the committee/chairman, as the case may be for their consideration with his recommendations.

(j) to run chitties on behalf of the society and to be the foreman.

(k) to arrange for the supply of consumer goods to the members at cheap rates.

(l) to perform such other duties as may be assigned to and prescribed for him by the committee.

## (9) (1)The Society shall entertain application for the following kinds of loans.

(a) Adhoc loan not exceeding Rs 1,00,000 at a time repayable in 80 monthly instalments

(b) Ordinary loan not exceeding Rs 10,00,000

(c) Hire purchase assistance not exceeding Rs 10,00,000 for purchase of domestic appliances and motor vehicles and also for the purchase of land and building.

(d) Festival/Educational loan not exceeding Rs 3,00,000 repayable in 80 monthly instalments

(e) Loans not exceeding Rs 1, 00,000 for the purchase of computer and its accessories repayable in 80 monthly instalments

The ceiling for the grant of the above loans will be fixed by the Board of Directors subject to the availability of funds.

9(2) (a) ) Ordinary loan shall further be limited to five hundred times the paid up share capital or 50 times the basic pay whichever is less of a member. The loan shall be repayable in not more than 120 monthly instalments

(b) Hire purchase assistance should not exceed 50 times the basic pay of a member. The amount shall be repayable in not more than 120 monthly instalments.

9(3) No member shall at any time be indebted to the Society by way of principal to an amount exceeding Rs. 25,00,000 or such higher amount government/department may prescribe from time to time, on account of any loan or loans taken by him under by laws 9(1)a to 9(1)e.

(Amendment to bye law 9 approved vide certificate No O273/2001 dated 6.01.2001 /o7008/2001 dated 05/02/2002, No. 11890/13 dated 19.09.2016)

9.4. LOANS ON SECURITY OF DEPOSITS:
The loan on the security of fixed deposits shall not exceed 90% of the deposit amount.

9.5. No person can claim a loan as a matter of right. The decision of the various authorities on whom the sanction of the loan is vested as per the Bye-laws shall be final.

9.6. All applications for loans shall be made to the Secretary in the form, if any, prescribed.

9.7. The installments of principal and interest due as on the last working day of each month shall be paid by deduction from the salary of the member for the month provided that the first installment of advances paid after the 25th of each month shall be due for payment only in the succeeding month.

9.8.In case the dues to the Society could not be credited to the society in the aforesaid manner due to reasons such as salary not having been disbursed, the person having been on tour, there having no sufficient balance of pay for effecting the deduction from salary etc, the person shall cause the said dues to be paid to the society before the 15th of the succeeding month, failing which penal interest at 12% per annum on the amount due for each month or part there of the delay reckoned from the due date will be payable by him. Provided that the committee may exempt any person from the payment of penal interest for sufficient reasons.

9.9. Ordinary loans shall be released only on execution of a bond on the joint and several responsibility by the borrower and two other members. The total amount for which a member can stand surety shall not exceed 20 times the share capital subscribed by him. In the case of death or cessation of membership of a surety the committee may require the borrower to execute a fresh bond covering the balance amount outstanding with fresh sureties, failing which the borrower shall be required to pay up the full dues in lump.

9.10.When a member from whom money is due pays any sum to the society, it shall be appropriated in the following order-

Firstly to fee, fines, postal and other miscellaneous charges due by him.

Secondly, to interest on advances

Thirdly to principal and thrift deposit.

**10.DISTRIBUTION OF PROFIT:**

10.1The net profit of the society as declared by the Registrar every year shall be disposed of as shown below:-

(i) Not less than 15% shall be carried to the Reserve Fund.

(ii) Not exceeding 5% to the Education Fund.

(iii) Not exceeding 5% to the Common Good Fund to be utilized for any of the purpose mentioned in section 2 of the Charitable Endowments Act (Act VI of 1890 India).

(iv) Not exceeding 50% subject to maximum of 25% of the paid up share capital or such other limit as may be prescribed under the Kerala Co-operative Societies Act 1969/Kerala Co-operative societies Rules 1969 from time to time for the payment of dividend.

(v) Not exceeding 20% for creation of a fund for providing relief to the relatives of deceased members of the Society in accordance with the guidelines/schemes approved by the general body.

(vi) The balance may be credited to a Mutual Benefit Fund to be utilized by the Committee for the Common Benefit of members, the attainment of the objects mentioned in bye-law- 2(vii) to (x) creation of assets etc. provided that sanction for the utilization in each case is accorded by a unanimous decision of the committee.

(vii) All undisbursable and indivisible profits shall be added to the Reserve fund.

10.2. The Reserve fund shall be utilized as provided in the Act and Rules.

**11. RESERVE FUND:**

The Reserve Fund shall belong to the Society as a whole and is intended to meet unforeseen losses. No member can claim a share in it. It shall be invested in such manner as the Registrar of Co-operative Societies prescribes and shall not be drawn except with his sanction. On the dissolution of the Society, the Reserve Fund and other funds contributed by it under provision of its bye-laws shall be applied.

(i) To discharge such liabilities of the Society as may remain undercharged after enforcement in full of the liability of the members of the society.

(ii) To the repayment of the share capital paid up.

(iii) To the repayment of dividend upon such share capital not exceeding 10% per annum for any period or periods for which no dividend has been paid.

(iv) Such portion of these funds, as shall remain after payment in sub-clause (a) shall be applied to [illegible] selected by the General body with the approval of the

## MISCELLANEOUS

12.No amendment to, alteration in or cancellation of the bye-law or the enactment of a new bye-law shall be made except at a General Body Meeting of the members or shall take effect until it shall have been approved by the Registrar.

13.Should any doubt arise as to the construction of the act, the rules there under or any bye-law, the Ma8naging Committee shall refer the same to the Registrar of Co-operative Societies for advice and act according to his advice.

14.If any sum belonging to the Society is either stolen or otherwise lost and found irrecoverable, or if any sum due to the Society is found otherwise irrecoverable either wholly or in part, it shall be open to the General Body to write off such amount after obtaining the sanction of the registrar and of the financing Bank to which the society is indebted.

15.The Society shall keep a copy of Co-operative Societies Act and the Rules governing the Society.

16.The Society shall prepare annually in such form as may be prescribed by the registrar of Co-operative Societies.

(a) A statement showing the receipts and disbursements for the year.

(b) A Profit & Loss account.

(c) A Balanced Sheet, and

(d) Such other statements as may be prescribed by the Registrar.

The Statements shall be made up to 30th June and a copy of each shall be sent to the Registrar of Co-operative Societies with in 15 days after the close of the Co-operative year ending 30th June. After the Registrar has verified the statements and granted his audit certificate, the society shall publish such of the prescribed statements as he may direct in the manner prescribed by him.

17.The Society shall prepare a list of its members with their address, as on the last date of each Co-operative year and furnish a copy of it to the Registrar of Co-operative Societies with in one month from the close of such year.

18.The list shall be kept open at the office of the Society during office hours for inspection by any member of the Society and it shall be the duty of the Secretary to supply copies of the list to such of the members as desire to have them on payment of such fees as may be prescribed by the Managing Committee in this behalf.

19.Any dues by the Society and not claimed with in the period of limitation allowed by the Indian Limitation Act shall be added to the Reserve Fund of the Society.

20.Should there be a conflict between the bye-laws of the society and the Act and Rules, the Act and Rules shall prevail.

21.The society shall have a common seal, name board and office.

Dy. REGISTRAR OF CO-OPERATIVE SOCIETIES
(GENERAL)